ദി ഡിഫെൻഡർ

Vol. No. 10 Issue No. 1 RNI Reg. No. 68089 / 97 Published From Perumbavoor 2007 JANUARY 1 Price: Rs.100/- P.A.

# കള്ളപ്രവചനവുമായി ടി.ജെ.ശാമുവൽ രംഗത്ത്



എ.ജിയുടെ പ്രമുഖ നേതാക്കളിൽ ഒരാളായ ടി.ജെ.ശാമുവൽ കള്ളപ്രവചനവുമായി രംഗത്തെത്തിയിരിക്കുന്നു. ഇന്ത്യയിൽ ഭയങ്കര ഉണർവ്വ് ഉണ്ടാകാൻ പോകുന്നു എന്നും 2020 ആകുമ്പോഴേക്ക് ഇന്ത്യ ക്രൈസ്തവരാഷ്ട്രമാകുമെന്നും ഒക്കെയാണ് ഈ കള്ളൻ പ്രവചിക്കുന്നത്.

ടി.ജെ.ശാമുവൽ ഈ കള്ളപ്രവചനം തുടങ്ങിയിട്ട് ചില വർഷങ്ങളായി. പക്ഷേ അടുത്ത കാലത്ത് രണ്ട് കത്തോലിക്കാ കന്യാസ്ത്രീകൾക്കും ഇതുപോലുള്ള വെളിപ്പാട് കിട്ടിയെന്നും തന്റെ വെളിപ്പാട് ദൈവീകമാണെന്നതിന് തെളിവായി ഇത് സ്വീകരിക്കാമെന്നും ഒക്കെയാണ് ടി.ജെ പറയുന്നത്.

അഹങ്കാരത്തിന് കൈയ്യും കാലും വെച്ചതാണ് ടി.ജെ ശാമുവൽ. വലിയ വചനപണ്ഡിതനാണ് താൻ എന്നത്രേ ഭാവം. വെളിപ്പാടുപുസ്തകത്തേക്കുറിച്ച് സായിപ്പൻമാർ പറഞ്ഞ കുറേ കാര്യങ്ങൾ കാണാപ്പാഠം പഠിച്ച് സാധുക്കളെ വിരട്ടുന്നു എന്നതിൽ കവിഞ്ഞ ഒരു പാണ്ഡിത്യവും ടി.ജെ.ശാമുവലിനില്ല എന്ന വസ്തുത മിക്കവർക്കും അറിഞ്ഞുകൂടാ. അറിയാവുന്നവർ അത് പുറത്തു പറയുന്നുമില്ല. അതുകൊണ്ട് ടി.ജെ. ശാമുവൽ ഇന്നും വചനപണ്ഡിതനായി വിലസുന്നു.

ഏതാനും വർഷം മുൻപ് ടി.ജെ.ശാമുവലിനെ പിൻതളളിക്കൊണ്ട് പി.എസ്സ്.ഫിലിപ്പ് എ.ജിയുടെ സുപ്രണ്ടായി. അതോടെ ടി.ജെ.ശാമുവൽ പക്കാ ആത്മീയനായി. അധികാരസ്ഥാനങ്ങൾ സാത്താന്റെ ഇരിപ്പിടമാണെന്നും താൻ ഇനി ഒരിക്കലും അധികാരസ്ഥാനത്തേക്കില്ലെന്നും ഒക്കെ പ്രസംഗിക്കാൻ ആരംഭിച്ചു. ഇന്ത്യയിൽ ഒരു ഭയങ്കര ഉണർവ്വ് ഉണ്ടാകാൻ പോകുന്നു എന്ന് ദൈവം തന്നോട് പറഞ്ഞിട്ടുണ്ടെന്നും അതിനായി പ്രവർത്തിക്കുക മാത്രമാണ് തന്റെ ഇനിയുള്ള ലക്ഷ്യമെന്നും മറ്റും പറയാനും തുടങ്ങി. 2020 ആകുന്നതോടെ ഇന്ത്യ ക്രിസ്ത്യൻ രാഷ്ട്രമാകും. ഇന്ത്യയുടെ പ്രധാനമന്ത്രിയും പ്രസിഡന്റും ഒക്കെ ക്രിസ്ത്യാനികളായിരിക്കും. ഇങ്ങനെ വായിൽ തോന്നിയതെല്ലാം ടി.ജെ.ശാമുവൽ പ്രവചിച്ചു നടന്നു.

തികച്ചും അപ്രതീക്ഷിതമായി അധികാരം തിരികെ കിട്ടിയതോടെ ടി.ജെ. വീണ്ടും പ്ലേറ്റ് മാറ്റി. തനിക്ക് കസേര തിരികെ തന്നത് ദൈവമാണെന്നും തന്നെ ദൈവം പ്രത്യേകം അഭിഷേകം ചെയ്തിരിക്കയാണെന്നും മറ്റും പ്രസംഗിക്കാൻ തുടങ്ങി. അത് ഇപ്പോഴും തുടരുന്നു. മഠത്തിൽ അമ്മമാരുടെ പ്രവചനംകൂടി ആയതോടെ ടി.ജെക്ക് ആവേശം കൂടിയിരിക്കയാണ്.

ക്രിസ്ത്യാനികൾ ഇന്ത്യയുടെ പ്രസിഡന്റോ പ്രധാനമന്ത്രിയോ ആകുന്നത് അസംഭവ്യമല്ല. കാരണം ഇന്ത്യ ഒരു മതേതര രാഷ്ട്രമാണ്. ഏതു മതക്കാരനും ഇവിടെ തുല്യ പരിഗണന ലഭിക്കും. പക്ഷേ ഇപ്പോൾ മൂന്നു ശതമാനത്തിൽ താഴെമാത്രമുള്ള ക്രൈസ്തവർ അടുത്ത 15 കൊല്ലം കൊണ്ട് ഇന്ത്യയിലെ ഭൂരിപക്ഷ മതമായിത്തീരും എന്നു പറയണമെങ്കിൽ അസാമാന്യ വിവര ക്കേട് വേണം.

എത്ര കഠിനമായി പരിശ്രമിച്ചാലും ഇന്ത്യയിലെ ക്രൈസ്തവരുടെ ജനസംഖ്യ 2020ൽ 5% പോലും ആകുകയില്ല. പക്ഷേ ജനത്തെ ഇളക്കാൻ എന്തെങ്കിലുമൊക്കെ വിഡ്ഢിത്തം വിളിച്ചു പറഞ്ഞേ മതിയാകൂ. അതിന് മഠത്തിലമ്മമാരുടെ പ്രവചനം സഹായകമാകുമെങ്കിൽ അതും ഓകെ.

ഈ സ്ഥിതി തുടർന്നാൽ ടി.ജെ.ശാമുവൽ മറ്റൊരു വിദ്വാൻകുട്ടി ആയെന്നുവരാം. ദൈവജനം, വിശേഷിച്ചും എ.ജിയിലെ അംഗങ്ങൾ, സൂക്ഷിക്കുക. ചതിയിൽ അകപ്പെടരുത്.

## ഇങ്ങനേയും ഒരു ഉപദേശി



ഇയാളും ഒരു പാസ്റ്ററാണ്. പേര് കെ.കെ.കുര്യൻ (ജോയി). വിലാസം: കൊച്ചുകുഴിയിൽ, കോഴിമല, വള്ളംകുളം, തിരുവല്ല. ഇയാളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിവുള്ളവർ ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടണം എന്ന് മൂന്നു ലക്കം മുൻപ് എഴുതിയിരുന്നു. അങ്ങനെയാണ് കൂടുതൽ വിവരങ്ങൾ ലഭിച്ചത്.

ഇയാൾക്ക് ബോംബെയിൽ ഒരു ഭാര്യയും മൂന്നു മക്കളുമുണ്ട്. (മൂത്ത മകൻ അന്ധനുമാണ്). ഇയാൾ റെയിൽവേയിൽ ജോലി ചെയ്തിരുന്നു. അവരെ ഉപേക്ഷിച്ചു. പെൻഷനായപ്പോൾ നാട്ടിലെത്തി മറ്റൊരു വിവാഹം കഴിച്ചു. ബൈബിൾ സ്ക്കൂളിൽ പഠിച്ച് ഉപദേശി ആകുകയും ചെയ്തു. ആദ്യ ഭാര്യക്ക് മാസം 1500 രൂപ ജീവനാംശം കൊടുക്കണമെന്ന് കോടതിവിധി ഉണ്ടെങ്കിലും നാളിതുവരെ ചില്ലിക്കാശ് കൊടുത്തിട്ടില്ല. ഈ നീചൻ ഇപ്പോൾ മദ്ധ്യതിരുവിതാംകൂറിൽ അത്യുഗ്രൻ ഉപദേശിയായി വിലസുന്നു. ആരും ചോദ്യം ചെയ്യുന്നില്ല.

## കള്ളൻ വീണ്ടും പെരുമ്പാവൂരിലെത്തും



കുപ്രസിദ്ധ വ്യഭിചാരിയും തട്ടിപ്പുവീരനുമായ കെ.സി.ജോൺ വീണ്ടും പെരുമ്പാവൂരിൽ എത്തുന്നു. ഗോസ്പൽ ഇൻ ആക്ഷൻ ഫെലോഷിപ്പിന്റെ ജൂലിബി ആഘോഷങ്ങളിൽ പങ്കെടുക്കാനാണ് കള്ളൻ ഇത്തവണ പെരുമ്പാവൂരിൽ എത്തുന്നത്.

കഴിഞ്ഞവർഷം ഐ.പി.സിയുടെ ഒരു കൺവെൻഷനിൽ പ്രസംഗിക്കാൻ ഈ നീചൻ പെരുമ്പാവൂരിൽ എത്തിയിരുന്നു. ഇയാൾ ദൈവദാസനല്ല കളളനാണ് എന്ന വസ്തുത അന്ന് ഡിഫെൻഡർ പെരുമ്പാവൂർ നിവാസികളെ അറിയിക്കയും ചെയ്തിരുന്നു.

ഇത്തവണ ഡിഫെൻഡർ ഈ കള്ളനെതിരെ വിപുലമായ തോതിൽ പ്രചരണം നടത്താനാണ് ഉദ്ദേശിക്കുന്നത്. ഡിഫെൻഡറിന് ഒരു സപ്ലിമെന്റ് ഇറക്കാനും പെരുമ്പാവൂർ പട്ടണത്തിന്റെ മുക്കിലും മൂലയിലും വരെ വിതരണം നടത്താനുമാണ് പദ്ധതി. ജൂബിലിയുടെ പ്രധാന പ്രസംഗകൻ സ്വന്തം അമ്മായിയമ്മയെ വരെ ഭാര്യയാക്കിയവനാണ് എന്ന വസ്തുത പെരുമ്പാവൂർ ദേശത്തുള്ളവർ അറിയാതെ പോകരുത്.

പെരുമ്പാവൂരും പരിസരത്തുമുള്ള എല്ലാ പെന്തക്കോസ്ത് സഭകളുടേയും സഹകരണത്തോടെ യോഗം നടത്താനാണ് ഗോസ്പൽ ഇൻ ആക്ഷൻ പദ്ധതിയിടുന്നത്. അതിനായി രണ്ടാഴ്ച മുൻപ് ഒരു ആലോചനായോഗം വിളിക്കയും ചെയ്തിരുന്നു. പക്ഷേ പ്രധാന പ്രസംഗകരിൽ ഒരാൾ കെ.സി.ജോൺ ആണെന്ന് അറിഞ്ഞതോടെ സുബോധമുള്ളവർ എതിർത്തു. ഇത്തരത്തിലുള്ള ഒരാളെ പ്രസംഗകനായി വച്ചാൽ തങ്ങളുടെ സഹകരണം പ്രതീക്ഷിക്കേണ്ടതില്ല എന്ന് അവർ തീർത്തു പറഞ്ഞു. പെരുമ്പാവൂരിലെ ദിവ്യൻമാരെയെല്ലാം വിവിധ കമ്മറ്റികളിൽ ഉൾപ്പെടുത്തി വിഡ്ഢികളാക്കാനുള്ള ശ്രമം വിഫലമായി. ഭാരവാഹികളേപ്പോലും തെരഞ്ഞെടുക്കാനാകാതെ ആലോചനായോഗം അവസാനിപ്പിക്കേണ്ടതായും വന്നു.

## വി.റ്റി.ഏബ്രഹാമിനും വഴി തെറ്റുന്നു

വലിയ കുഴപ്പമൊന്നും കൂടാതെ ദൈവവേല ചെയ്തിരുന്ന ആളായിരുന്നു വി.റ്റി.ഏബ്രഹാം. ഇപ്പോഴിതാ ആ മനുഷ്യനും വഴി തെറ്റുന്നു. തിരുവനന്തപുരത്തും എറണാകുളത്തും ഇദ്ദേഹം ഫെസ്റ്റിവൽ ഓഫ് ഡെലിവറൻസ് നടത്തുന്നു.

എന്തൊക്കെയാണ് ഈ ഫെസ്റ്റിവലിൽ നടക്കാൻ പോകുന്നത് എന്നറിയണ്ടേ? പറയാം:

1. ദൈവശക്തിയാലുള്ള രോഗശാന്തി.
2. പാപത്തിൽ നിന്നുള്ള മോചനം
3. അത്ഭുതങ്ങൾ

അഭിഷിക്തനും മലബാറിന്റെ അപ്പോസ്തലനുമായ റവ. വി.റ്റി.ഏബ്രഹാം ശുശ്രൂഷിക്കും.

മലബാറിന്റെ അപ്പോസ്തലൻ എന്തിനാണപ്പാ തിരുവിതാംകൂറിലും കൊച്ചിയിലും ഫെസ്റ്റിവൽ നടത്തുന്നത്? മലബാറിൽ നിന്ന് അപ്പോസ്തലൻ എത്താൻ ഇവിടെ അപ്പോസ്തലൻമാർക്ക് പഞ്ഞമുണ്ടോ? ഈ അപ്പത്തോലന് മലബാറിൽ പണിയോന്നുമില്ലേ?

ഇയാൾ എന്ത് അത്ഭുതമാണാവോ തിരുവനന്തപുരത്തും എറണാകുളത്തും നടത്തുക. അത്ഭുതം നടക്കും എന്ന് തീർച്ചയുളളതുപോലെയാണ് പരസ്യം. അത്ഭുതം നടന്നില്ലെങ്കിൽ എന്ത് പ്രായശ്ചിത്തം ചെയ്യുമെന്നുകൂടി പറഞ്ഞെങ്കിൽ നന്നായിരുന്നു.

## ചവർ ചാനൽ ഒളിച്ചുകളിക്കുന്നു

ഡിസംബർ ഒന്നു മുതൽ ചവർ ചാനൽ ഒളിച്ചുകളി നടത്തുകയാണ്. ചിലപ്പോൾ കാണാനേയില്ല. ചിലപ്പോൾ ചില സ്ഥലങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടും. തിരുവല്ലയിൽ പോലും രണ്ടാഴ്ച ചവർ ഇല്ലായിരുന്നു. എറണാകുളത്ത് കഴിഞ്ഞ ഒരു മാസമായി ചവറില്ല. ഉള്ളത് റോഡിലെ ചപ്പുചവറുകൾ മാത്രം.

ചവർ കാണാത്തതുകൊണ്ട് വിശേഷിച്ച് ദോഷമൊന്നും ഇല്ല. എങ്കിലും എന്തൊക്കെ കുണ്ടാമണ്ടികളാണ് സംപ്രേക്ഷണം ചെയ്യുന്നതെന്ന് നിശ്ചയമില്ലാത്തതുകൊണ്ട് ചവറിനേപ്പറ്റി ഡിഫെൻഡറിൽ എഴുതാൻ കഴിയുന്നില്ല എന്നൊരു പ്രശ്നമുണ്ട്.

കഴിഞ്ഞ ഫെബ്രുവരിയിലാണ് ചവർ സംപ്രേക്ഷണം ആരംഭിച്ചത്. ആദ്യകാലത്ത് തിരുവല്ലയിൽ മാത്രമേ ചവർ കാണാൻ പറ്റുമായിരുന്നുള്ളൂ. ഏതാനും മാസം കഴിഞ്ഞതോടെ കേരളത്തിൽ എല്ലായിടത്തും ചാനൽ എത്തി. പക്ഷേ ഡിസംബർ ഒന്നാം തീയതി മുതൽ ചാനൽ കേരളത്തിൽ ഒരിടത്തും കിട്ടാതായി. ആരും കാണാത്ത ചാനലിൽ പ്രോഗ്രാം കൊടുക്കാൻ ആളുണ്ടാകില്ലല്ലോ. അതുകൊണ്ട് മദ്ധ്യതിരുവിതാംകൂറിലെങ്കിലും ചാനൽ കാണിക്കാൻ തീരുമാനിച്ചു. അങ്ങനെ ഡിസംബർ പകുതി ആയതോടെ പത്തനംതിട്ട, കോട്ടയം തുടങ്ങിയ ജില്ലകളിൽ ചാനൽ മടങ്ങിയെത്തി. പക്ഷേ കേരളത്തിലെ ഭൂരിപക്ഷം ജില്ലകളിലും ഇപ്പോൾ ചാനൽ ലഭ്യമല്ല.

ചവർ ചാനൽ അന്ത്യശ്വാസം വലിച്ചുകൊണ്ടിരിക്കയാണ് എന്ന് തിരുവല്ലയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. മുങ്ങുന്ന കപ്പൽ വിട്ട് അലക്സ് ഗൾഫിലെത്തി. ജോലി ചെയ്യാൻ ആൾക്കാരില്ല. ഉള്ളവർക്ക് ജോലി അറിയില്ല. ജോലി ചെയ്താൽ ശമ്പളവുമില്ല. അതിനിടയ്ക്ക് ദുർന്നടപ്പ് കേസ്സുകളും. സാംകുട്ടിയുടെ മകളേക്കുറിച്ച് നല്ലകാര്യങ്ങളല്ല കേൾക്കുന്നത്. ക്വിസ്സ് നടത്തി കിസ്സിൽ എത്തിയത്രേ. ഈ നില തുടർന്നാൽ ഏതാനും മാസത്തിനകം ചവർ ചാനൽ പൂട്ടിക്കെട്ടും എന്നു തീർച്ച.

ദി ഡിഫെൻഡർ

**Vol. No.10 Issue No. 1 2007 January 1**

# കൺവെൻഷന്റെ പേരിൽ ഈ ധൂർത്തെന്തിന്?

ആണ്ടിൽ ഒരു കൺവെൻഷൻ എന്നത് പെന്തക്കോസ്ത് സഭകളുടെ സ്ഥിരം പരിപാടിയായിക്കഴിഞ്ഞു. ഭൂമിയുള്ളോരു കാലം ഇനി അതിന് മാറ്റം വരികയില്ല. പക്ഷേ കൺവെൻഷന്റെ പേരിൽ നടക്കുന്ന ധൂർത്ത് സകല അതിരും ഭേദിച്ച് മുന്നേറുകയാണ്. ഇതിനെങ്കിലും ഒരു നിയന്ത്രണം വേണം.

എല്ലാ പെന്തക്കോസ്ത് സംഘടനകൾക്കും ജനറൽ കൺവെൻഷനുകളുണ്ട്. എത്രലക്ഷം രൂപ ഇതിനായി പൊടിക്കുന്നു എന്നതിന് കൃത്യമായ കണക്കില്ല. ഏറ്റവും ചെലവുള്ള കുമ്പനാട് കൺവെൻഷൻ മുതൽ താഴോട്ട് വിവിധ രൂപത്തിലും ഭാവത്തിലുമുള്ള ഒട്ടേറെ ജനറൽ കൺവെൻഷനുകളുണ്ട്. പെന്തക്കോസ്തുകാർ ആഭരണം ഇടുകയില്ലെങ്കിലും അതിനു കൂടി ചേർത്ത് എല്ലാവിധ ആഡംബരങ്ങളും കൺവെൻഷനിൽ ഉണ്ടാകും.

സെന്റർ കൺവെൻഷൻ, ലോക്കൽ കൺവെൻഷൻ, ഐക്യ കൺവെൻഷൻ, ക്രൂസേഡ് തുടങ്ങി പലതരം കൺവെൻഷനുകളും നടക്കുന്നു. എല്ലായിടത്തും ധൂർത്ത് കൊടികുത്തി വാഴുന്നു. വിദേശത്തുനിന്നും അവധിക്ക് നാട്ടിലെത്തുന്നവർ സ്പോൺസർ ചെയ്ത് നടത്തുന്ന കൺവെൻഷനുകളിലെ ധൂർത്ത് പറയാനുമില്ല.

കപ്പയും മീനും പെന്തക്കോസ്തിന്റെ പര്യായമായിരുന്ന കാലമൊക്കെ പോയി. ഇന്ന് മാമ്മോന്റെ പിടിയിലാണ് പെന്തക്കോസ്ത്. സമൃദ്ധിയുടെ സുവിശേഷമാണ് കൺവെൻഷൻ സ്റ്റേജുകളിൽ മുഴങ്ങുന്നത്. ക്രിസ്തീയജീവിതം എന്നത് സമൃദ്ധിയുടെ ജീവിതമാണ് എന്നത്രേ പ്രസംഗകർ ഘോഷിക്കുന്നത്. ദാരിദ്രം, രോഗം, ദു:ഖം തുടങ്ങിയവയെല്ലാം ശാപത്തിന്റെ ഫലമായി ഉണ്ടാകുന്നതാണത്രേ. ഈ ശാപങ്ങളൊക്കെ പൊട്ടിക്കുന്നതിൽ വിദഗ്ദ്ധരായ ചില പ്രസംഗകരുമുണ്ട്. ഇവർ ഇലകം മുഴുവൻ ചുറ്റി സഞ്ചരിച്ച് ശാപം പൊട്ടിച്ചുകൊണ്ടിരിക്കുന്നു.

കുരിശിന് ഇന്നത്ത പെന്തക്കോസ്തിൽ സ്ഥാനമില്ല. വേർപാട് എന്നൊന്ന് ഇല്ലാതായിരിക്കുന്നു. രക്ഷക്കപ്പെട്ടവരെന്നും രക്ഷിക്കപ്പെടാത്തവരെന്നും ഉള്ള വ്യത്യാസം ഇന്ന് അശ്ശേഷമില്ല. രാഷ്ട്രീയക്കാരെ ക്ഷണിച്ചു വരുത്തി പെന്തക്കോസ്ത് കൺവെൻഷന് പ്രസംഗിപ്പിക്കുന്നത് അംഗീകൃത നടപടി ആയിരിക്കുന്നു. എത്ര വലിയ നേതാവാണ് വരുന്നത് എന്നതിനനുസരിച്ച് കൺവെൻഷന്റെ ശ്രേഷ്ഠത കൂടുന്നു.

ഒന്നാം നൂറ്റാണ്ടിലെ ദൈവസഭയുടെ വിശ്വാസാചാരങ്ങളുമായി ഏറ്റവും അടുത്തു നിൽക്കുന്ന ഉപദേശവും നടപടിയും ഉള്ളതായിരുന്നു അടുത്ത കാലത്തുവരെ പെന്തക്കോസ്ത് സഭകൾ. പക്ഷേ ഇന്ന് അതല്ല സ്ഥിതി. ആത്മാവിൽ ആരംഭിച്ച പെന്തക്കോസ്ത് പ്രസ്ഥാനം ജഡത്തിൽ അവസാനിക്കുമെന്ന് ഏറെക്കുറെ ഉറപ്പായിക്കഴിഞ്ഞു.

# സത്യം സത്യമായി

യു.ഡി.എഫ് സർക്കാർ അഞ്ചു വർഷം കൊണ്ട് നേടിയെടുത്തത് ഇടതുപക്ഷ സർക്കാർ ആറു മാസം കൊണ്ട് നേടിയിരിക്കുന്നു. ഓരോ മന്ത്രിയും ഇപ്പോൾ ഓരോ സർക്കാരാണ്. ഒരാൾ ചെയ്യുന്നത് മറ്റൊരാൾ അറിയുന്നില്ല. മന്ത്രിമാർ ചെയ്യുന്നത് മുഖ്യമന്ത്രിയും അറിയുന്നില്ല. സംഗതി അസ്സലാകുന്നുണ്ട്.

യു.ഡി.എഫ് സർക്കാർ എ.ഡി.ബി വായ്പ വാങ്ങാൻ തുനിഞ്ഞപ്പോൾ അറുകൊല തുള്ളിയവർ ഇപ്പോൾ വായ്പക്കായി എ.ഡി.ബിയുടെ പിന്നാലെ നടക്കുകയാണ്. കാര്യങ്ങൾ നേരോ ചൊവ്വേയല്ല നടക്കുന്നതെന്ന് വ്യക്തം. എന്തൊക്കെയോ ഒളിക്കാനും മറയ്ക്കാനും ഒക്കെയുണ്ട്. അതുകൊണ്ട് ക്യാബിനറ്റോ മുഖ്യമന്ത്രിയോ അറിയാതെ എഗ്രിമെന്റ് ഒപ്പിട്ടു.

ലാവ്ലിൻ പ്രശ്നവും മേല്പടി തന്നെ. അവർ താരാനുള്ള പണം തരണമെന്നും അവരെ കരിമ്പട്ടികയിൽ പെടുത്തണമെന്നും മുഖ്യമന്ത്രി പറയുന്നു. ഇതൊന്നും നടക്കുന്ന കാര്യമല്ലെന്ന് മറ്റു മന്ത്രിമാരും പറയുന്നു. ലാവ്ലിൻ പ്രശ്നത്തിൽ സി.ബി.ഐ അന്വേഷണം വേണ്ടെന്ന കാര്യത്തിലും അവർക്ക് സംശയമില്ല. കേസ്സ് സി.ബി.ഐ അന്വേഷിച്ചാൽ യഥാർത്ഥ പ്രതികൾ പിടിയിലാകും. അത് ഒഴിവാക്കാനാണ് നീക്കം.

പണ്ട് കോൺഗ്രസ്സിൽ തിരുത്തൽ വാദികൾ എന്നൊരു കൂട്ടരുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ എൽ.ഡി.എഫ് മന്ത്രിസഭയിൽ തിരുത്തൽ പൊടിപൂരമായി നടക്കുകയാണ്. മുഖ്യമന്ത്രി പറയുന്നത് മറ്റു മന്ത്രിമാർ തിരുത്തുന്നു. ഇടയ്ക്ക് പാർട്ടി സെക്രട്ടറിയും തിരുത്തുന്നു. മന്ത്രിമാർ പറയുന്നത് മുഖ്യമന്ത്രി തിരുത്തുന്നു. മന്ത്രിമാർ തിരുത്തേണ്ടതായി വരും എന്ന് മുന്നറിയിപ്പ് കൊടുക്കുകയും ചെയ്യുന്നു. ഇങ്ങനെ അനുദിനം വെട്ടിയും തിരുത്തിയും ഇവർ കേരളം ഒരു പരുവത്തിലാക്കും.

ആരാന്റമ്മയ്ക്ക് ഭ്രാന്തു വന്നാൽ കാണാൻ നല്ല രസമാണ് എന്നു പറഞ്ഞതുപോലെയാണ് ഇപ്പോൾ സർക്കാരിന്റെ സ്ഥിതി. യു.ഡി.എഫ് ഭരിച്ചിരുന്ന സമയത്ത് എന്തിനും ഏതിനും സമരവും ബഹളവുമായിരുന്നു. ഭരണത്തെ വിമർശിക്കാൻ നല്ല രസമായിരുന്നു. പക്ഷേ ഇപ്പോഴാണ് കാര്യത്തിന്റെ ഗൗരവം പിടി കിട്ടുന്നത്. പ്രതിപക്ഷത്തിരുന്ന് വിമർശിക്കുന്നതുപോലെ അത്ര എളുപ്പമുള്ള കാര്യമല്ല ഭരണം എന്ന് തെളിഞ്ഞിരിക്കുന്നു. പാളയത്തിലെ പട കൂടി ആയപ്പോൾ എല്ലാം തികഞ്ഞു. ഇക്കണക്കിന് അഞ്ചു വർഷം തികയ്ക്കുമോ എന്ന് കണ്ടു തന്നെ അറിയണം.

കാമ്പസ് രാഷ്ട്രീയം കോടതി നിരോധിച്ചതിൽ സർക്കാരിനുള്ള മന:പ്രയാസം കുറച്ചൊന്നുമല്ല. കാമ്പസ്സിൽ രാഷ്ടീയമില്ലെങ്കിൽ പിന്നെ ജീവിച്ചിരുന്നിട്ടു കാര്യമില്ല എന്നാണ് സർക്കാരിന്റെ പക്ഷം. അതുകൊണ്ട് കോടതിവിധി മറി കടക്കാനും കാമ്പസ്സ് രാഷ്ട്രീയം പൂർവ്വാധികം ശക്തിയിൽ മടക്കി കൊണ്ടു വരാനും സർക്കാർ നിയമമുണ്ടാക്കുമത്രേ. വളരെ നല്ല കാര്യം. അദ്ധ്യാപകരുടേയും സഹപാഠികളുടേയും തല തല്ലിക്കീറാൻ കുട്ടി സഖാക്കൾക്കുള്ള അവകാശം സംരക്ഷിച്ചു കൊടുത്തുകൊണ്ട് മറ്റൊരു നിയമംകൂടി ഉണ്ടാക്കിയാൽ എല്ലാം തികഞ്ഞു.

ഇന്നത്തെ ഭരണം കണുമ്പോൾ യു.ഡി.എഫ് ഭരണമാണ് ഓർമ്മ വരുന്നതെന്ന് പുത്രൻജി തിരുവായ് മൊഴിഞ്ഞിരിക്കുന്നു. മേല്പടി ഭരണത്തിൽ ആറുമാസം പങ്കാളിയായ വ്യക്തി എന്ന നിലയ്ക്ക് മുരളീധരൻജി കാര്യങ്ങളൊക്കെ നേരിൽ കണ്ടിട്ടുണ്ടല്ലോ. അതുകൊണ്ട് ഉപമയും ഉത്പ്രേക്ഷയും മറ്റും അർത്ഥമറിഞ്ഞ് പ്രയോഗിക്കാനുള്ള അവകാശം മുരളിക്കുണ്ട് എന്ന് തീർച്ച.

മുരളിയും കൂട്ടരും സർക്കാരിനെതിരെ സമരം ചെയ്യാൻ തയ്യാറെടുക്കുകയാണ്. ഗതി കെട്ടാൽ പുലി പുല്ലും തിന്നും എന്നാണല്ലോ ചൊല്ല്. ഇടതുമുന്നണിയിൽ കയറിപ്പറ്റാം എന്ന പ്രതീക്ഷയിൽ ഡി.ഐ.സി ഉണ്ടാക്കി. ആ പദ്ധതി പൊളിഞ്ഞപ്പോൾ എൻ.പി.സിയിൽ ചേർന്നു. അതോടെ എൻ.പി.സിയെ ഇടതുപക്ഷം പുറത്താക്കി. യു.ഡി.എഫിൽ തിരിച്ചെത്തിയ ജേക്കബ്ബിനുപോലും അകത്തു കടക്കാൻ കഴിയാത്ത സ്ഥിതിക്ക് എൻ.പി.സിക്ക് അത്ര പെട്ടെന്നൊന്നും യു.ഡി.എഫിൽ കടന്നു കൂടാൻ കഴിയുമെന്ന് തോന്നുന്നുമില്ല. അതുകൊണ്ട് അല്ലറ ചില്ലറ സമരങ്ങളൊക്കെ ചെയ്ത് കാലം കഴിക്കയല്ലാതെ മറ്റൊന്നും ഇപ്പോൾ ചെയ്യാനില്ലല്ലോ. ഉടനെയൊന്നും മറ്റൊരു തെരഞ്ഞെടുപ്പില്ല എന്നതുമാത്രമാണ് ഏക ആശ്വാസം.

പണ്ടേ ദുർബ്ബല, ഇപ്പോൾ ഗർഭിണിയും എന്നു പറഞ്ഞതുപോലെയാണ് ജനതാദൾ സെക്യൂലറിന്റെ സ്ഥിതി. ആകെ നാലും മൂന്നും ഏഴ് ആളാണ് ഉണ്ടായിരുന്നത്. ഇപ്പോഴിതാ പാർട്ടി വീണ്ടും പിളർന്നിരിക്കുന്നു. ബി.ജെ.പിയെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും വഴി പിരിഞ്ഞിരിക്കുന്നു. ദോഷം പറയരുതല്ലോ, ഈ പിളർപ്പ് ആദർശത്തിന്റെ പേരിലാണ്. അതുകൊണ്ട് ഡി.ഐ.സിക്ക് ഉണ്ടായ ഗതികേട് ഉണ്ടാകില്ല എന്ന് ഏറെക്കുറെ ഉറപ്പിക്കാം.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ജില്ല തിരിച്ച് കെട്ടുകളാക്കി പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ കൊടുക്കുകയാണ് ചെയ്യുന്നത്. സീലടിച്ച് അവർ അത് അയക്കയും ചെയ്യുന്നു. ഇവിടെ പത്രം നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

# ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# മാനവും മഹത്വവും പുത്രൻ തമ്പുരാന്

മാനവും മഹത്വവും പുത്രൻ തമ്പുരാന്. എന്താ, വിരോധമുണ്ടോ? ഉണ്ടെങ്കിലും അത് അങ്ങനെയൊക്കെ മാത്രമേ നടക്കൂ. പറഞ്ഞു വരുന്നത് ഐ.പി.സിയിലെ കാര്യമാണ്.

ഇത്തവണത്തെ കുമ്പനാട് കൺവെൻഷൻ അത്ഭുതകരമായ രീതിയിൽ നടത്തുമത്രേ. നല്ലത്, നടക്കട്ടെ. പക്ഷേ അതിന്റെ മഹത്വം മുഴുവൻ വൽസന് കിട്ടത്തക്കവിധമാണ് കാര്യങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

കെ.സി.ജോണാണ് ഐ.പി.സിയുടെ പ്രസിഡന്റ്. വൽസൻ സെക്രട്ടറിയും. പ്രസിഡന്റാണ് ഏറ്റവും വലിയവൻ എന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ വൽസനേക്കാൾ വലിയതായി ഐ.പി.സിയിൽ ആരെങ്കിലും ഉണ്ടെങ്കിൽ അത് അങ്ങേരുടെ അപ്പനായ ടി.എസ്.ഏബ്രഹാം മാത്രമാണ്.

ഐ.പി.സിയുടെ ജനറൽ കൺവെൻഷൻ നടക്കേണ്ടത് സ്വാഭാവികമായും പ്രസിഡന്റിന്റെ നേതൃത്വത്തിലാണ്. പക്ഷേ അതല്ല ഇപ്പോൾ നടക്കുന്നതെന്ന് പെന്തക്കോസ്ത് പത്രങ്ങളിൽ വരുന്ന വാർത്തകൾ വ്യക്തമാക്കുന്നു. വൽസൻ അധികാരമേറ്റശേഷം നടക്കുന്ന ആദ്യ കൺവെൻഷനാണെന്നും അത് ഒട്ടേറെ സവിശേഷതകളോടെയാണ് നടത്തുക എന്നും പത്ര



ങ്ങളിൽ കണ്ടു. വൽസൻ മാത്രമല്ല കെ.സി.ജോണും അധികാരം ഏറ്റശേഷം ആദ്യമായാണ് കുമ്പനാട് കൺവെൻഷൻ നടക്കുന്നത്. അക്കാര്യം എന്തേ പറയുന്നില്ല?

എല്ലാം ഇപ്പോൾ വൽസന്റെ നിയന്ത്രണത്തിലാണ്. കെ.സി.ജോൺ പ്രസിഡന്റിന്റെ കസേരയിൽ ഇരിക്കുന്നു എന്നു മാത്രം. പണ്ട് ടി.എസ്.ഏബ്രഹാം സെക്രട്ടറി ആയിരുന്ന കാലത്തും ഇതുതന്നെ ആയിരുന്നു സ്ഥിതി.

ഐ.പി.സിയുടെ പേര് ഉപയോഗിച്ച് പണമുണ്ടാക്കാൻ വൽസന് സർവ്വ സ്വാതന്ത്ര്യവും ലഭിച്ചിരിക്കയാണ്. റബ്ബർ തോട്ടങ്ങൾ മാത്രമല്ല എല്ലാവിധ തോട്ടങ്ങളും വാങ്ങാനുള്ള പണം ഇനി ഫൗണ്ടേഷനിലേക്ക് ഒഴുകും.

സുനാമിക്ക് കിട്ടിയ ഒരുലക്ഷം ഡോളർ ഒറ്റ രാത്രികൊണ്ട് ഫൗണ്ടേഷന്റെ അക്കൗണ്ടിൽ എത്തിയ മാജിക്ക് രണ്ടു വർഷം മുൻപ് കണ്ടതാണല്ലോ.

ഇക്കൊല്ലവും വൽസൻ സായിപ്പൻമാരെ ഇറക്കും. വൽസൻ കൊണ്ടുവരുന്ന സായിപ്പിന് കുമ്പനാട് കൺവെൻഷന് പ്രസംഗിക്കാൻ അവസരവും കിട്ടും. പക്ഷേ ഇതുകൊണ്ട് ഐ.പി.സിക്കോ ഐ.പി.സി അംഗങ്ങൾക്കോ എന്തെങ്കിലും പ്രയോജനം കിട്ടും എന്ന് കരുതരുത്. വൽസൻ സായിപ്പിനെ കൊണ്ടുവരുന്നത് ഐ.പി.സിയെ നന്നാക്കാനല്ല സ്വന്തം സംഘടന വളർത്താനാണ്. ഐ.പി.സി കൺവെൻഷനിൽ പ്രസംഗിക്കുന്ന സായിപ്പ് കൊടുക്കുന്ന പണം വൽസന്റെ സംഘടനയുടെ അക്കൗണ്ടിൽ എത്തും. പമ്പര വിഡ്ഢികളായ ഐ.പി.സിക്കാർ എതിർത്ത് ഒരു അക്ഷരംപോലും മിണ്ടില്ല.

തന്റെ വല്യപ്പനാണ് ഐ.പി.സി സ്ഥാപിച്ചതെന്ന് വൽസൻ സായിപ്പൻമാരെ തെര്യപ്പെടുത്തും. ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് പ്രസ്ഥാനമാണ് ഐ.പി.സി എന്നും ബോദ്ധ്യപ്പെടുത്തും. സായിപ്പ് സ്വാഭാവികമായും വണ്ടറടിക്കും. നല്ലൊരു തുക സംഭാവന ചെയ്യുമെന്നതിനും സംശയമില്ല. പക്ഷേ കെ. ഇ.ഏബ്രഹാം ഫൗണ്ടേഷന്റെ പേരിലാകും ചെക്ക് വാങ്ങുക. സായിപ്പിന് തട്ടിപ്പ് പിടികിട്ടുകയുമില്ല. ഇതാണ് വൽസന്റെ തന്ത്രം. ഈ കൺവെൻഷനിലും വൽസന്റെ പദ്ധതി വിജയിക്കും. ഫൗണ്ടേഷന്റെ അടിത്തറ കൂടുതൽ ഉറയ്ക്കും.

# പുതുപ്പള്ളി അജ്ഞൻ അരങ്ങുവാഴുന്നു



സ്വന്തം പേര് അച്ചടിച്ചു കാണാൻ മിക്കവർക്കും ആഗ്രഹമുണ്ടാകാം. പക്ഷേ ഇത് ഒരു ഭ്രാന്തായാലോ? ഇത്തരത്തിലുള്ള ഒരു ഭ്രാന്ത് ബാധിച്ച വ്യക്തിയാണ് ജോർജ് മാത്യു പുതുപ്പള്ളി എന്ന പുതുപ്പള്ളി അജ്ഞൻ. ഭ്രാന്തു മൂത്ത് ഇയാൾ മറ്റുള്ളവരുടെ ലേഖനങ്ങൾ കോപ്പിയടിച്ച് പത്രങ്ങൾക്ക് അയയ്ക്കുകവരെ ഉണ്ടായിട്ടുണ്ട്. ഈയിടെയായി ഇയാൾക്ക് ഈ രോഗം അതികലശലായിട്ടുണ്ട്. സംശയമുള്ളവർ കഴിഞ്ഞമാസം ഇറങ്ങിയ പെന്തക്കസ്ത് പത്രങ്ങൾ നോക്കുക. അജ്ഞന്റെ ലേഖനമില്ലാത്ത പത്രം ഇല്ലെന്നു തന്നെ പറയാം.

ഒന്നിനേക്കുറിച്ചും ആധികാരികമായി എഴുതാനുള്ള വിവരം ഇയാൾക്കില്ല. പക്ഷേ ഇയാൾ സൂര്യനു കീഴിലുള്ള എന്തിനേക്കുറിച്ചും എഴുതും. ഉദാഹരണമായി സ്വർഗ്ഗീയധ്വനിയിൽ ഇയാൾ ക്രിസ്തുമസ്സിനേക്കുറിച്ച് എഴുതിയ ലേഖനം നോക്കുക. ക്രിസ്തുവിന്റെ ജനനവും ക്രിസ്തുമസ്സുമായി ബന്ധമൊന്നുമില്ലെന്ന വസ്തുത വിവരമുള്ള എല്ലാ പെന്തക്കോസ്തുകാർക്കും അറിയാം. പക്ഷേ ഇയാൾ മാത്രം അത് അറിഞ്ഞിട്ടില്ല. ക്രിസ്തുമസ്സ് ക്രിസ്തുവിന്റെ ജൻമദിവസമാണെന്നത്രേ ഇയാൾ എഴുതുന്നത്.

ആകാശത്തിൽ വാൽനക്ഷത്രം കണ്ടാണത്രേ വിദ്വാൻമാർ എത്തിയത്. മൂന്നു വിദ്വാൻമാർ ഉണ്ടായിരുന്നെന്നും അവർ ബൽത്താസർ, കാസ്പർ, മാൽക്കയിൻ എന്നിവരായിരുന്നു എന്നും അജ്ഞന് ഉറപ്പാണ്. ഇവരിൽ ഒരാൾ ഇന്ത്യാക്കാരനായിരുന്നോ എന്ന കാര്യത്തിൽ മാത്രമേ സംശയമുള്ളൂ. ഈ വിജ്ഞാനം എവിടെനിന്നു കിട്ടി?

''എനിക്കു വേണ്ടത് നീതിമാൻമാരെയല്ല പാപികളെയാണ്'' എന്ന് യേശു പറഞ്ഞത്രേ. (എവിടെവച്ച്?) മഗ്ദലനാമറിയം മഹാപാപിയാണെന്ന് ധ്വനിപ്പിക്കുന്ന വിധം ഇയാൾ എഴുതിയിരിക്കുന്നു. മറിയം വേശ്യയായിരുന്നു എന്ന് ബൈബിളിൽ ഉണ്ടെന്നാണ് ഇയാളുടെ ധാരണയെന്നു തോന്നുന്നു. യേശുവിന്റെ പന്ത്രണ്ടു ശിഷ്യൻമാരും മുക്കുവരായിരുന്നു എന്നൊരു മഹത്തായ കണ്ടുപിടുത്തവും അജ്ഞൻ നടത്തിയിരിക്കുന്നു.

മറ്റൊരു പ്രസിദ്ധീകരണത്തിൽ ഇയാൾ സാന്താക്ലോസിനേക്കുറിച്ച് എഴുതിയ ഒരു കവിത കണ്ടു. (സാന്താക്ലോസും യേശുവുമായി എന്തു ബന്ധമാണുള്ളതെന്ന് അറിഞ്ഞുകൂടാ). ''അസഹനീയം'' എന്ന ഒറ്റ വാക്കിൽ ആസ്വാദനം ഒതുക്കാം. മാതൃഭാഷയോട് ഇത്ര ക്രൂരമായി പെരുമാറാൻ ഇയാൾക്ക് എങ്ങനെ തോന്നുന്നു.

# ദിനകരന്റെ തട്ടിപ്പിന് തിരുവല്ല ഒരുങ്ങുന്നു

ഏതു ആത്മീയ തട്ടിപ്പുകാരനും വിളയാടാൻ പറ്റിയ സ്ഥലമായി തിരുവല്ല മാറിയിരിക്കുന്നു. അതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് ദിനകരന്റെ മീറ്റിംഗ്. തിരുവല്ലയിലും പരിസരത്തുമുള്ള എല്ലാ ക്രൈസ്തവ സഭകളും ചേർന്നാണത്രേ ഈ യോഗം നടത്തുന്നത്.

ദിനകരനും മകനും തട്ടിപ്പുകാരാണെന്ന് സുബോധമുള്ളവർക്കെല്ലാം അറിയാം. പണമുണ്ടാക്കാൻ വേണ്ടി എന്തു ഹീനകൃത്യവും ചെയ്യാൻ മടിയില്ലാത്ത ആളാണ് ദിനകരൻ. ഒരു സാധാരണക്കാരൻ മാത്രമായിരുന്ന ദിനകരൻ കോടീശ്വരനായത് വ്യാജ ആത്മീയതയിലൂടെയാണ്. എട്ടും പൊട്ടും തിരിയാത്ത ആയിരക്കണക്കിനു സാധുക്കളെ വഞ്ചിച്ചുണ്ടാക്കിയ പണം ഉപയോഗിച്ചാണ് ഇയാൾ എഞ്ചിനീയറിംഗ് കോളേജ് ഉണ്ടാക്കിയത്.

ദുരാത്മാക്കളുമായി ബന്ധമുള്ള ആളാണ് ദിനകരൻ. മരിച്ചുപോയ മകളുമായി ഇയാൾ മിക്ക ദിവസങ്ങളിലും സംഭാഷണം നടത്തുന്നു. താൻ ഇടയ്ക്കൊക്കെ സ്വർഗ്ഗത്തിൽ പോകാറുണ്ട് എന്നും ദിനകരൻ അവകാശപ്പെടുന്നു. ഇയാൾ ദുരാത്മാവിന്റെ പിടിയിലാണ് എന്നതിന് ഇതിൽ കൂടിയ തെളിവ് ആവശ്യമില്ല.

രോഗശാന്തിയുടെ പേരിൽ നടക്കുന്ന തട്ടിപ്പിലൂടെയാണ് ദിനകരൻ ജനത്തെ ആകർഷിക്കുന്നത്. മറ്റ് ഉണർവ്വ് പ്രസംഗകരേപ്പോലെ ഇയാളും പച്ചക്കള്ളം പറഞ്ഞ് ജനവഞ്ചന നടത്തുന്നു. അത്ഭുത രോഗശാന്തി ഉണ്ടായി എന്ന് ജനത്തെ തെറ്റിദ്ധരിപ്പിക്കുന്നതിൽ വിദഗ്ദ്ധനാണ് ഇയാൾ. സാക്ഷര കേരളത്തിലും തട്ടിപ്പ് നടത്താൻ ദിനകരന് കഴിയുന്നു. തിരുവല്ലയിലും ഇതൊക്കെത്തന്നെ നടക്കുമെന്ന് കരുതാം.

ഇത്ര വലിയ ഒരു തട്ടിപ്പുകാരന് വേദിയൊരുക്കാൻ തിരുവല്ലയിലുള്ളവർക്ക് ലജ്ജ തോന്നുന്നില്ല എന്നത് ഒരു മഹാത്ഭുതമാണ് എന്ന് പറയാതെവയ്യ.

# ബാബു ജോർജിന്റെ തനിനിറം വെളിപ്പെടുന്നു

പരമ ബോറനും ഒന്നാംതരം തട്ടിപ്പുകാരനുമാണ് ചുമ്മാഡോ ബാബു ജോർജ് എന്ന് ഡിഫെൻഡർ പലവട്ടം എഴുതിയിട്ടും സഭാനേതാക്കൻമാർക്ക് കാര്യം ബോദ്ധ്യമായിരുന്നില്ല. പക്ഷേ ഇപ്പോൾ എ.ജി നേതാക്കൻമാരുടെ തലയിലും വെളിച്ചം കയറിത്തുടങ്ങി. സഭയുടെ പേരിൽ പിരിച്ചെടുത്ത പണം സ്വന്തം കീശയിലാക്കുകയായിരുന്നു ഇയാൾ ചെയ്തിരുന്നത് എന്ന് ഇപ്പോഴാണ് തെളിയുന്നത്.

ഈ വൈകിയ വേളയിലെങ്കിലും സത്യം പുറത്തറിയുവാൻ ഇടയായത് സഭയിലുണ്ടായ ഒരു പ്രശ്നം മൂലമാണ്. അടുത്ത കാലത്ത് ഈ വിദ്വാൻ റാന്നി ടൗൺ എ.ജി സഭയിൽ ചില തുഗ്ലക് മോഡൽ ഭരണപരിഷ്ക്കാരങ്ങൾ വരുത്തിയിരുന്നു. തിരുവത്താഴത്തിന് നുറുക്കുന്ന അപ്പം സ്ത്രീകൾക്ക് വിതരണം ചെയ്യാൻ സ്ത്രീകളെത്തന്നെ ചുമതലപ്പെടുത്തിയതാണ് അവയിലൊന്ന്. ഈ നടപടി വിവാദമായി.

എ.ജിയിൽ സ്ത്രീകൾ പാസ്റ്റർമാരായി ശുശ്രൂഷ ചെയ്യുന്നുണ്ട് എന്ന വസ്തുത മറന്നുകൊണ്ട് എ.ജി നേതാക്കൻമാർ ക്ഷോഭിച്ചു. ബാബു ജോർജ് ചെയ്തത് കൊടിയ പാപമാണെന്നും നടപടി എടുക്കണം എന്നും ഒക്കെയാണ് നേതൃത്വത്തിന്റെ നിലപാട്.

ഈ വിഷയത്തേക്കുറിച്ച് സഭാനേതൃത്വം ബാബു ജോർജിനോട് വിശദീകരണം ചോദിച്ചു. റാന്നി ടൗൺ എ.ജി സഭ സ്വയംഭരണാവകാശമുള്ള സഭയാണെന്നും അതുകൊണ്ട് എ.ജി നേതൃത്വത്തിന് ഈ പ്രശ്നത്തിൽ ഇടപെടാൻ അധികാരമില്ലെന്നും ബാബു ജോർജ് വ്യക്തമാക്കി. മാത്രമല്ല, ദൈവം നൽകിയ ആത്മപ്രേരണ അനുസരിച്ചാണ് താൻ ശുശ്രൂഷയ്ക്ക് സ്ത്രീകളെ നിയോഗിച്ചതെന്നും ബാബു ജോർജ് പറഞ്ഞു. ബാബു ജോർജിന് കിട്ടുന്ന ആത്മപ്രേരണ അനുസരിച്ച് എന്തും ചെയ്യാമെങ്കിൽ ബൈബിൾ എന്തിന്? ഈ വിവരദോഷി ശുശ്രൂഷകനായിരിക്കാൻ യോഗ്യനല്ല.

(സ്ത്രീകൾക്ക് സ്ത്രീകൾ അപ്പം കൊണ്ടുപോയി കൊടുത്തത് തെറ്റല്ല. മാത്രമല്ല, അതാണ് ശരിയായ നടപടി. സഭയിൽ ശുശ്രൂഷക്കാരത്തികൾ ഉണ്ട് എന്ന വസ്തുത പെന്തക്കോസ്തുകാർക്ക് ഇപ്പോഴും അറിഞ്ഞുകൂടാ. ബാബു ജോർജിനും ഇത് അറിഞ്ഞുകൂടാ. അതുകൊണ്ടാണ് ആത്മപ്രേരണയിൽ അഭയം തേടിയത്).

റാന്നി ടൗൺ ചർച്ചിന്റെ വസ്തുവകകൾ ബാബു ജോർജിന്റെ പേരിലാണോ? ഈ വിഷയത്തേക്കുറിച്ച് സഭാനേതൃത്വം അന്വേഷണം ആരംഭിച്ചിട്ടുണ്ട്. റാന്നി എ.ജി സഭയ്ക്ക് സ്ഥലവും കെട്ടിടവും ഉണ്ടാക്കാനായി സ്വദേശത്തുനിന്നും വിദേശത്തുനിന്നും പിരിച്ചെടുത്ത ലക്ഷങ്ങൾ ബാബു ജോർജ് സ്വന്തം കീശയിലാക്കിയോ? വ്യാജ ഡോയുമായി നടക്കുന്ന ഈ റവ സഭയുടെ സ്വത്തുക്കൾ മോഷ്ടിച്ചാൽ അത് അത്ഭുതമല്ല.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു. www.yourname.com എന്ന വിലാസം. you@yourname.com എന്ന ഈമെയിൽ. ഒരു ഹോം പേജ്

ആകെ ചെലവ്: 1500 രൂപ മാത്രം. ഓരോ അധിക പേജിനും 400 രൂപ

ഫോൺ: 0484-3232356. മൊബൈൽ: 94474 14608

# വിവേചനവരം ഇല്ലാതായാൽ

യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനാണ് എന്ന വസ്തുത ദൈവീക വെളിപ്പാടിൽ ഗ്രഹിച്ച ആദ്യ വ്യക്തി പത്രോസാണ്. പക്ഷേ ഈ വെളിപ്പാട് പ്രാപിച്ച് ഏതാനും നിമിഷം കഴിഞ്ഞപ്പോൾ പത്രോസ് സാത്താന്റെ സ്വാധീനത്തിലായി. പക്ഷേ സാത്താനെ തിരിച്ചറിയാനുള്ള കഴിവ് കർത്താവിനുണ്ടായിരുന്നതുകൊണ്ട് കൂടുതൽ കുഴപ്പങ്ങളൊന്നും ഉണ്ടായില്ല.

ഇന്നത്തെ സ്ഥിതി അതല്ല. ഭൂരിപക്ഷം ദൈവമക്കൾക്കും സാത്താനെ തിരിച്ചറിയാൻ കഴിയുന്നില്ല. അതുകൊണ്ട് പിശാചിന്റെ വഞ്ചനയിൽ നാം അകപ്പെട്ടു പോകുന്നു. സംശയമുള്ളവർ ഈ കൺവെൻഷൻ സീസണിലെ പ്രധാന പ്രസംഗകർ ആരൊക്കെ എന്ന് പരിശോധിക്കുക.

ദൈവവചനമാണ് ദൈവമക്കളുടെ അളവുകോൽ. അത് നാം മറന്നിട്ട് കാലം കുറെ ആയി. പ്രശ്നം അതാണ്. ദൈവ വചനത്തിന് അർഹിക്കുന്ന പ്രാധാന്യം കൊടുത്തിരുന്നെങ്കിൽ ഈ പ്രശ്നങ്ങൾ ഒഴിവാക്കാമായിരുന്നു.

ഇന്ന് പെന്തക്കോസ്ത് സമൂഹം ഭോഷ്ക്കിന്റെ സ്വാധീനത്തിലാണ്. പ്രജാപതിയുടെ കാലം മുതൽ തുടങ്ങിയതാണിത്. പ്രജാപതിക്ക് വേദത്തിൽ ഇല്ലാത്ത ഗുണഗണങ്ങളൊക്കെ ചാർത്തിക്കൊടുത്ത് ക്രിസ്തുവാക്കി അവതരിപ്പിച്ചിട്ടും അത് വിവേചിച്ചറിയാൻ ഒരു പെന്തക്കോസ്ത് നേതാവിനും കഴിഞ്ഞില്ല. ഏറ്റവും വലിയ പെന്തക്കോസ്ത് സഭയെന്ന് പറയപ്പെടുന്ന ഐ.പി.സിയുടെ സണ്ടേസ്ക്കൂൾ പുസ്തകത്തിൽപ്പോലും പ്രജാപതിയെന്ന കള്ള ക്രിസ്തു സ്ഥാനം പിടിച്ചു. കൺവെൻഷൻ സ്റ്റേജുകളിൽ വേദപുസ്തകത്തിലെ വചനങ്ങൾക്കു പകരം വേദമന്ത്രങ്ങൾ മുഴങ്ങി. എന്നിട്ടും പെന്തക്കോസ്ത് നേതൃത്വം ഭോഷ്ക്കിന്റെ ആത്മാവിനെ വിവേചിച്ചറിഞ്ഞില്ല. പെന്തക്കോസ്ത് നേതാക്കൻമാർക്ക് ആത്മീയ അന്ധത എത്രത്തോളം ഉണ്ടെന്നറിയാൻ ഈ ഒരു പ്രശ്നം മാത്രം മതിയാകും.

ഉണർവ്വ് യോഗങ്ങൾ എന്ന പേരിൽ നാടെങ്ങും നടക്കുന്ന തട്ടിപ്പുയോഗങ്ങൾ പഠനവിധേയമാക്കൂ. ഇവിടൊക്കെ എന്താണ് നടക്കുന്നത്? ദൈവവചനമാണോ ഈ യോഗങ്ങളിൽ ഘോഷിക്കപ്പെടുന്നത്? സത്യസുവിശേഷമാണോ അതോ മറ്റൊരു സുവിശേഷമാണോ ഈ കൺവെൻഷനുകളിൽ പ്രസംഗിക്കപ്പെടുന്നത്?

സുരേഷ് ബാബു എന്ന ഭോഷ്ക്കിന്റെ പുത്രൻ ദൈവമക്കളെ വഞ്ചിക്കാൻ തുടങ്ങിയിട്ട് ഒരു ദശാബ്ദത്തിൽ അധികമായി. ഇതിനെതിരെ ഒരു ചെറുവിരലെങ്കിലും അനക്കാൻ ഏതെങ്കിലും പെന്തക്കോസ്ത് നേതാവിന് കഴിഞ്ഞിട്ടുണ്ടോ? ഇല്ലെന്നു മാത്രമല്ല, സുരേഷ് ബാബുവിനെ വിളിച്ച് യോഗത്തിൽ പ്രസംഗിപ്പിക്കാത്ത ഏതെങ്കിലും പെന്തക്കോസ്ത് പ്രസ്ഥാനം ഈ കേരളക്കരയിലുണ്ടോ? സുരേഷ് ബാബുവിനോടൊപ്പം വേദി പങ്കിടാത്ത എത്ര പെന്തക്കോസ്ത് നേതാക്കൻമാരുണ്ട്? സുരേഷ് ബാബു വ്യഭിചാരിയും തട്ടിപ്പുകാരനും ഒക്കെയാണെന്ന് വ്യക്തമായിക്കഴിഞ്ഞിട്ടും ഇയാളെ ചുമന്നുകൊണ്ടു നടക്കാൻ ഇന്നും അനേകരുണ്ട്. വ്യഭിചാരവും ഭോഷ്ക്കും തട്ടിപ്പും ഒന്നും പ്രശ്നമല്ല.

ഭോഷ്ക്കിന്റെ ആത്മാവിന്റെ ശക്തി ഇന്ന് പെന്തക്കോസ്തിൽ എത്രത്തോളം സ്വാധീനം ചെലുത്തുന്നുണ്ട് എന്നറിയാൻ ഇന്ന് ഏറ്റവും മാർക്കറ്റുള്ള പ്രസംഗകർ ആരൊക്കെയാണ് എന്ന് നോക്കിയാൽ മതിയാകും.

കെ.സി.ജോണാണ് പ്രസംഗകരിൽ ഒരാൾ. തൊഴിൽ വ്യഭിചാരമാണ്. മിച്ചം കിട്ടുന്ന സമയത്ത് സുവിശേഷ പ്രസംഗവും. എന്തെങ്കിലുമൊക്കെ പറഞ്ഞ് ജനത്തെ ഇളക്കും. ഉണർവ്വു പ്രസംഗകൻ എന്ന പേര് നിലനിർത്തുന്നത് അങ്ങനെയാണ്. ഇപ്പോൾ ഈ നീചൻ ഐ.പി.സിയുടെ പ്രസിഡന്റുമാണ്.

സാമച്ചൻ എന്നൊരു വീരനാണ് അടുത്തത്. ഇദ്ദേഹവും ചക്കിക്കു ചേരുന്ന ചങ്കരൻ തന്നെ. ഇദ്ദേഹത്തെ വീട്ടിൽ കയറ്റിയാൽ എങ്ങനെയിരിക്കും എന്നറിയണമെങ്കിൽ കുവൈറ്റിലുള്ള അമ്മാമ്മമാരോട് ചോദിക്കണം എന്നു പറഞ്ഞാൽ കാര്യം പിടികിട്ടുമല്ലോ. പക്ഷേ സാമച്ചൻ ഇന്ന് അന്തർദ്ദേശീയ പ്രസംഗകനും പ്രവാചകനുമാണ്.

ജനത്തെ ഇളക്കി മറിക്കുന്ന പ്രസംഗകനാണ് എം.എ. വർഗീസ്. ഈ കക്ഷി പണ്ട് ശാസ്ത്രജ്ഞനായിരുന്നത്രേ. നാലാളെ മുൻപിൽ കണ്ടാൽ ഇദ്ദേഹം വിളിച്ചുകൂവുന്ന നുണകൾക്ക് ഒരു അതിരുമില്ല. ഇതൊക്കെ കേട്ട് ജനം ഏതോ ആത്മാവിൽ നിറയുന്നു. ഊതി വീഴ്ത്തിയും ഉന്തി വീഴ്ത്തിയും ശാപം പൊട്ടിച്ചും ഇയാൾ വിലസുന്നു.

തങ്കുവും തോമസ്കുട്ടിയും ഏതാത്മാവിലാണ് ശുശ്രൂഷ ചെയ്യുന്നത്. ചുമ്മാഡോയുമായി നടക്കുന്ന ഇവർ ഭോഷ്ക്കിൽ പ്രിയപ്പെടുന്നവരാണെന്ന് വ്യക്തം.

ഉണർവ്വ് പ്രസംഗകർ എന്ന പേരിൽ അറിയപ്പെടുന്ന ഭൂരിപക്ഷം ആളുകളും ഇത്തരക്കാരാണെന്ന സത്യം ദുഃഖത്തോടെ പറയട്ടെ. ദുർന്നടപ്പുകാർ, ഭോഷ്ക്കു പറയുന്നത് ജീവിതത്തിന്റെ ഭാഗമാക്കിയവർ, പണമുണ്ടാക്കാൻ വേണ്ടി ഏതു ഹീനമാർഗ്ഗവും പ്രയോഗിക്കുന്നവർ എന്നിങ്ങനെയുള്ളവരാണ് ഉണർവ്വു പ്രസംഗകരിൽ നല്ലൊരു പങ്ക്. പക്ഷേ, ഇവരെ വിവേചിച്ചറിയാനോ ഇവർക്കെതിരെ പ്രതികരിക്കാനോ ഒരു പെന്തക്കോസ്ത് നേതാവുപോലും ധൈര്യപ്പെടുന്നില്ല. കഷ്ടമന്നേ പറയേണ്ടൂ.

ഇത് കൺവെൻഷൻ സീസണാണ്, ദൈവമക്കൾ വഞ്ചിക്കപ്പെടാൻ ഏറ്റവും സാദ്ധ്യതയുള്ള കാലം. അതുകൊണ്ട് സൂക്ഷിക്കുക. കൺവെൻഷനെന്നും ഉണർവ്വു യോഗമെന്നും കേട്ടാൽ ചാടി പുറപ്പെടരുത്.

അത്ഭുതങ്ങളുടെ ദൈവം ഇന്നും ജീവിക്കുന്നു. അതുകൊണ്ട് ഒന്നാം നൂറ്റാണ്ടിൽ നടന്നതുപോലെയുള്ള എല്ലാവിധ അത്ഭുതങ്ങളും ഇക്കാലത്ത് നടക്കും. പക്ഷേ, നടക്കാത്ത അത്ഭുതങ്ങൾ നടന്നു എന്ന് പ്രചരിപ്പിച്ച് ദൈവത്തിന് മഹത്വം ഉണ്ടാക്കിക്കൊടുക്കേണ്ട ആവശ്യമില്ല.

വിശ്വസിക്കുന്ന ഏവരേയും രക്ഷിക്കാൻ സുവിശേഷത്തിന് ശക്തിയുണ്ട്. അതുകൊണ്ട് നിർമ്മല സുവിശേഷം പ്രസംഗിക്കുക. അതുകേട്ട് ജനം രക്ഷിക്കപ്പെടും. വിശ്വസിക്കുന്നവർക്കായി ദൈവം അത്ഭുതം പ്രവർത്തിക്കുമെങ്കിലും വിശ്വസിപ്പിക്കാനായി ദൈവം അത്ഭുതം പ്രവർത്തിക്കാറില്ല. അതുകൊണ്ട് കൺവെൻഷൻ സ്റ്റേജിൽ വെച്ച് അത്ഭുതം നടത്തി മാനവും മഹത്വവും നേടാൻ ശ്രമിക്കുന്ന പ്രസംഗകരെ സൂക്ഷിക്കുക.

സാത്താനെ കണ്ടാൽ സാത്താനാണെന്ന് തിരിച്ചറിയാനുള്ള കഴിവ് വിശ്വാസിക്കുണ്ടായിരിക്കണം. സ്വന്തം ഭർത്താവിനെ ഭാര്യക്ക് തിരിച്ചറിയാൻ കഴിയുന്നില്ലെങ്കിൽ - കാണുന്ന പുരുഷൻമാരെല്ലാം ഭർത്താവാണെന്ന് ഒരു സ്ത്രീ വിശ്വസിക്കുന്നെങ്കിൽ - എന്തു സംഭവിക്കുമെന്ന് വിശേഷിച്ച് പറയേണ്ടതില്ലല്ലോ. ഇന്നത്തെ പെന്തക്കോസ്ത് പ്രസ്ഥാനം ഏറെക്കുറെ ഈ അവസ്ഥയിലാണ്. യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനാണ് എന്ന് ദൈവീക വെളിപ്പാടിൽ ഏറ്റു പറഞ്ഞ പത്രോസ് അടുത്ത നിമിഷം ദുരാത്മാവിന്റെ പിടിയിലായി എന്ന വസ്തുത ദൈവമക്കൾ മറക്കരുത്.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ഇപ്പോൾ മിക്ക പെന്തക്കോസ്ത് ഭവനങ്ങളിലും ടി.വി ഉണ്ട്. ടി.വി കാണുന്നത് പാപമായി ആരും പരിഗണിക്കുന്നുമില്ല. ടി.വിയിൽ നിരവധി സിനിമകൾ സംപ്രേക്ഷണം ചെയ്യുന്നുണ്ട്. അത് പെന്തക്കോസ്തുകാരും കാണുന്നുമുണ്ട്. അങ്ങനെയെങ്കിൽ തിയേറ്ററിൽ പോയി സിനിമ കാണുന്നത് പാപമാകുന്നതെങ്ങനെ?

■ പെന്തക്കോസ്തുകാർക്ക് സിനിമയോട് ഉണ്ടായിരുന്ന വിരോധം മിക്കവാറും മാറിക്കഴിഞ്ഞു എന്ന വസ്തുത പ്രാരംഭത്തിൽ തന്നെ സമ്മതിക്കട്ടെ. ടി.വിയുടെ സ്വാധീനമാണ് അതിന്റെ കാരണമെന്നതും ശരിതന്നെ.

പെന്തക്കോസ്തിലെ ആദ്യകാല നേതാക്കൻമാർ വലിയ ഭക്തരായിരുന്നു എന്നതിന് സംശയമില്ല. എങ്കിലും അതിഭക്തിമൂലം അവർ കുറച്ചധികം അബദ്ധ സിദ്ധാന്തങ്ങൾ തിരുവചന സത്യങ്ങൾ എന്ന നിലയിൽ അവതരിപ്പിച്ചു. ദൈവീക രോഗശാന്തി എന്ന പേരിൽ അറിയപ്പെടുന്ന വിഡ്ഢിത്തം തന്നെ നല്ല ഉദാഹരണം. ആഭരണവിരോധവും ഏറെക്കുറെ ഈ ഇനത്തിൽ പെട്ട കാര്യമാണ്.

ദൈവത്താൽ അസാദ്ധ്യമായി ഒന്നുമില്ല. രോഗശാന്തി നൽകാനും ദൈവത്തിന് കഴിയും. പക്ഷേ, മരുന്നു കഴിക്കുന്നത് പാപമാണെന്നോ അവിശ്വാസമാണെന്നോ ബൈബിൾ പറയുന്നില്ല. ഈ വസ്തുതകളൊന്നും പരിഗണിക്കാതെയാണ് പെന്തക്കോസ്തിന്റെ ആദ്യകാല നേതാക്കൻമാർ രോഗശാന്തിയുടെ പേരിൽ ബഹളം കൂട്ടിയത്. മരുന്നു കഴിക്കുന്നവരെ അക്കാലത്ത് സഭയിൽ നിന്നും പുറത്താക്കുമായിരുന്നു. ആഭരണത്തിന്റെ പേരിലുള്ള കടുംപിടുത്തത്തിന്റെ പിന്നിലും അമിതഭക്തി മാത്രമാണ് ഉണ്ടായിരുന്നത്. സിനിമയോടുള്ള വിരോധത്തിന്റെ കാര്യവും ഇങ്ങനെതന്നെ.

കുടുംബസമേതം കാണാൻ കൊള്ളാത്ത ചിത്രങ്ങളുണ്ട് എന്നത് ശരിതന്നെ. പക്ഷേ, ഒരു വിധത്തിലുള്ള വൃത്തികേടുകളും ഇല്ലാത്ത സിനിമകളുമുണ്ട്. എങ്കിലും ഒരു സിനിമ നല്ലതാണോ ചീത്തയാണോ എന്ന് മുൻകൂട്ടി അറിയാനാവില്ലല്ലോ. അതുകൊണ്ട് വിശ്വാസികൾ സിനിമ കാണാനായി തിയേറ്ററുകളിൽ പോകുന്നത് വിലക്കിയത് ഒരളവുവരെയെങ്കിലും നല്ല കാര്യമാണ്.

സിനിമയോടുള്ള മനോഭാവത്തിൽ പിൽക്കാലത്ത് മാറ്റമുണ്ടായി എന്നത് ഒരു വസ്തുതയാണ്. എങ്ങനെയാണ് ഇത്തരത്തിൽ ഒരു മാറ്റമുണ്ടായത്? ഒരു ദിവസംകൊണ്ടുണ്ടായ മാറ്റമല്ല അത്. സുവിശേഷ പ്രചരണത്തിന്റെ ഭാഗമായി മിശിഹാചരിത്രം പ്രദർശിപ്പിച്ചുകൊണ്ടാണ് പെന്തക്കോസ്തുകാർ സിനിമാരംഗത്തേക്ക് കടന്നതെന്ന് തോന്നുന്നു. ഏറെ താമസിയാതെ, ബൈബിളുമായി ബന്ധമുള്ള മറ്റു ചില ചിത്രങ്ങൾ കൂടി പ്രദർശിപ്പിക്കാൻ തുടങ്ങി.

എന്നാൽ പെന്തക്കോസ്തുകാരുടെ ജീവിതത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിൽ ടി.വി. വഹിച്ച പങ്ക് ചെറുതല്ല. പെന്തക്കോസ്തുകാർ റേഡിയോ വാങ്ങുന്നത് പാപമായി കണക്കാക്കിയിരുന്ന കാലമുണ്ടായിരുന്നു. റേഡിയോയിലൂടെ സിനിമാപ്പാട്ട് കേൾക്കും എന്നതായിരുന്നു എതിർപ്പിന്റെ കാരണം. പക്ഷേ, വലിയ എതിർപ്പൊന്നും കൂടാതെ ടേപ്പ് റിക്കോഡറുകൾ അംഗീകരിക്കപ്പെട്ടു. കൺവെൻഷൻ പ്രസംഗങ്ങളും മറ്റും റിക്കാർഡ് ചെയ്യാൻ ടേപ്പ് റിക്കാർഡറുകൾ സഹായകമാകും എന്നതാകാം കാരണം.

ടി.വി. എത്തിയപ്പോൾ ശക്തമായ എതിർപ്പുണ്ടായി. ഇന്നും ടി.വിയെ എതിർക്കുന്നവരുണ്ട്. പക്ഷേ, പെന്തക്കോസ്ത് നേതാക്കൻമാരുടെ വീടിന്റെ സ്വീകരണ മുറിയിൽ വരെ ടി.വി. സ്ഥാനം പിടിച്ചതോടേ എതിർപ്പ് കെട്ടടങ്ങി. മാത്രമല്ല, ഇപ്പോൾ പെന്തക്കോസ്തുകാരുടെ സ്വന്തം ചാനലും ഉണ്ടായിരിക്കുന്നു. ഏറ്റവും വലിയ പെന്തക്കോസ്ത് സഭയെന്ന് പറയപ്പെടുന്ന ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി. ജോണാണ് ഈ ചാനലിന്റെ ജീവാത്മാവും പരമാത്മാവും.

സിനിമ ഉൾപ്പെടെയുള്ള എല്ലാ പ്രോഗ്രാമുകളും ടി.വിയിൽ ഉണ്ട്. ആദ്യകാലത്തൊക്കെ ന്യൂസും അതുപോലുള്ള നല്ല പ്രോഗ്രാമുകളും മാത്രമേ ഭൂരിപക്ഷം വിശ്വാസികളും കണ്ടിരുന്നുള്ളു. പക്ഷേ, ഇപ്പോൾ സ്ഥിതി അതല്ല. കരച്ചിൽ സീരിയലുകൾ ഉൾപ്പെടെയുള്ള എല്ലാ പ്രോഗ്രാമുകളും വിശുദ്ധ പെന്തക്കോസ്തുകാർ കാണും. ഇടയ്ക്കൊക്കെ പവർകട്ട് ഉള്ളതുകൊണ്ട് ചില വീടുകളിലെങ്കിലും സന്ധ്യാപ്രാർത്ഥനയുണ്ടെന്നു പറയാം.

ടി.വിയിൽ സംപ്രേക്ഷണം ചെയ്യുന്ന സിനിമകൾ കാണാമെങ്കിൽ എന്തുകൊണ്ട് വീഡിയോ സി.ഡിയിലെ സിനിമ കണ്ടുകൂടാ? അങ്ങനെ വീഡിയോ സി.ഡിയും കാണാൻ തുടങ്ങി. വീട്ടിലിരുന്ന് സകലമാന സിനിമയും കാണാമെങ്കിൽ എന്തുകൊണ്ട് തിയേറ്ററിൽ പോയി സിനിമ കണ്ടുകൂടാ എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താനുള്ള ശ്രമത്തിലാണ് ഇപ്പോൾ പെന്തക്കോസ്തുകാർ.

ചില സിനിമാക്കാർ അടുത്ത കാലത്ത് രക്ഷിക്കപ്പെടുകയുണ്ടായി. അവരാരും സിനിമ ഉപേക്ഷിച്ചിട്ടില്ല. വിശ്വാസിയായ ഒരു സംവിധായകൻ സിനിമയുടെ പൂജയിലും മറ്റും പങ്കെടുക്കാറില്ല എന്നു കേൾക്കുന്നു. സിനിമയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു എന്ന കാരണത്താൽ ഇവരെ ഒരു പെന്തക്കോസ്ത് സഭയും പുറത്താക്കിയിട്ടുമില്ല. ടി.വിയിൽ സിനിമ കാണുന്ന പാസ്റ്റർക്ക് സംവിധായകനെ പുറത്താക്കാൻ ധൈര്യമുണ്ടാകില്ലല്ലോ.

പാപവുമായി ഏറെ ബന്ധമുള്ളതാണ് സിനിമ രംഗം എന്ന വസ്തുത വിശേഷിച്ച് പറയേണ്ടതില്ല. അതുകൊണ്ട് വിശ്വാസികൾക്ക് ഒരളവിൽ അധികം സിനിമ ലോകവുമായി ബന്ധപ്പെടാനാവില്ല. പക്ഷേ കൃത്യമായ ഒരു അതിർവരമ്പ് വെയ്ക്കുക എന്നത് അത്ര എളുപ്പമല്ല.

സിനിമയേക്കുറിച്ച് ഡിഫെൻഡറിന് എന്താണ് പറയാനുള്ളത് എന്നതാണല്ലോ ചോദ്യം. പറയാം. സിനിമയെ അന്ധമായി എതിർക്കുന്നതിൽ അർത്ഥമില്ല എന്ന് ആദ്യമേ പറയട്ടെ. എന്തിന്റേയും ഉപയോഗം നല്ലതുതന്നെ. പക്ഷേ, ദുരുപയോഗം ഒഴിവാക്കേണ്ടതാണ്. സുവിശേഷീകരണത്തിന് ദൃശ്യമാദ്ധ്യമം എത്രത്തോളം സഹായകമാണെന്ന് പറയേണ്ടതില്ല. ഈ സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തണം. വിദ്യാഭ്യാസ രംഗത്തും ദൃശ്യമാദ്ധ്യമങ്ങൾക്ക് അനന്തമായ സാദ്ധ്യതകളാണുള്ളത്. അതും പ്രയോജനപ്പെടുത്തണം. പക്ഷേ, സിനിമയുടെ ചീത്തവശങ്ങളെ കണ്ടില്ലെന്നു നടിക്കാനുമാവില്ല.

സിനിമ ഗുണത്തേക്കാളേറെ ദോഷമാണ് ചെയ്യുന്നത് എന്നത് ഒരു വസ്തുതയാണ്. സിനിമ കണ്ടതുകൊണ്ട് ഗുണമുണ്ടായ എത്ര സംഭവങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും? ഏറെ ഉണ്ടാകുമെന്ന് തോന്നുന്നില്ല. പക്ഷേ, അന്ധമായ എതിർപ്പുകൊണ്ട് വലിയ ഗുണമുണ്ടാകാനില്ല. സിനിമാശാലകൾക്കെതിരെ ബൈബിളിൽ പ്രവചനമുണ്ടെന്നും മറ്റുമുള്ള വ്യാഖ്യാനത്തിൽ കഥയില്ല. യെശയ്യാപ്രവചനത്തിൽ പറയുന്ന ശൃംഗാര ഗോപുരങ്ങൾ തിയേറ്ററുകളാണെന്ന് ആദ്യകാല പെന്തക്കോസ്ത് നേതാക്കൻമാർ വ്യാഖ്യാനിച്ചത് അബദ്ധമാണ്.

ടി.വിയും മറ്റും ഇത്രത്തോളം പ്രചാരം നേടിയിരിക്കുന്ന ഇക്കാലത്ത് പെന്തക്കോസ്തുകാർ സിനിമ കാണുന്നത് ഫലപ്രദമായി നിരോധിക്കാനാവില്ല. അതുകൊണ്ട് ബോധവത്ക്കരണമാണ് സ്വീകാര്യം. അതിന് സാമാന്യ ബോധമെങ്കിലുമുള്ള പെന്തക്കോസ്തുകാർ രംഗത്തു വരണം.

# അവാർഡുകൾ മൊത്തമായും ചില്ലറയായും കൊടുക്കപ്പെടും



മോഷണായി വീണ്ടും അവാർഡ് കൊടുക്കാൻ പദ്ധതിയിടുന്നതായി തിരുവല്ലയിൽ നിന്നുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പത്തുപേർക്കെങ്കിലും അവാർഡ് കൊടുക്കാനാണ് ഉദ്ദേശ്യം. വിദേശ രാജ്യങ്ങളിൽ അവധിക്കു വന്നിട്ടുള്ള പൊങ്ങപ്പോഴൻമാരെയാണ് ഇത്തവണ മോഷണായി ലക്ഷ്യമിടുന്നത്.

ആവശ്യത്തിലധികം പണം കൈവശമുള്ളവർക്ക് ഒരു അവാർഡ് കിട്ടാൻ മോഹം ഉദിക്കുക സ്വാഭാവികം. ഇത്തരക്കാരെ കണ്ടെത്തി അവാർഡ് കൊടുക്കാനാണ് മോഷണായി ഒരുങ്ങുന്നത്. ആളൊന്നുക്ക് 25,000 രൂപയും ഫലകവും പ്രശസ്തിപത്രവുമാണ് നൽകുക.

അവാർഡ് ആവശ്യമുള്ളവർ 25,000 രൂപ മോനായിക്ക് കൊടുക്കണം. പത്തുപേർക്ക് അവാർഡ് കൊടുക്കുമ്പോൾ രണ്ടരലക്ഷം രൂപ മോനായിയുടെ പോക്കറ്റിൽ എത്തും. പ്രശസ്തിപത്രം, ഫലകം എന്നിവ ഉണ്ടാക്കാനും അവാർഡ് ദാന സമ്മേളനം നടത്താനും കുറെ പണം ചെലവാകും. അവാർഡിന് മാന്യത ഉണ്ടാക്കാനായി ഏതെങ്കിലും അറിയപ്പെടുന്ന രാഷ്ട്രീയ/സാമൂഹ്യ നേതാവിനും അവാർഡ് കൊടുക്കും. അതുകൊണ്ട് അത്രയും പണം കൂടി ചെലവാകും. പണം കൊടുത്ത് അവാർഡ് വാങ്ങുന്നവർക്ക് അവാർഡ് തുക എന്ന വ്യാജേന നൽകുന്ന കവറിൽ (ഉഭയസമ്മതപ്രകാരം) വെറും കടലാസ്സ് മാത്രമേ ഉണ്ടാകൂ. 10 അവാർഡ് കൊടുത്തു കഴിയുമ്പോൾ മോഷണായിയുടെ ലാഭം ഏകദേശം രണ്ടുലക്ഷം രൂപ.

# കെ. എ. ഏബ്രഹാം സൂക്ഷിക്കുക: മോഷണായി ബന്ധം നല്ലതിനല്ല



നീ ആരെന്നറിയാൻ നിന്റെ സഹോദരൻ ആരെന്നറിഞ്ഞാൽ മതി എന്നാണല്ലോ പ്രമാണം. കെ.എ.ഏബ്രഹാമിന് ഈയിടെയായി മോഷണായിയുമായി എന്തെന്നില്ലാത്ത ഒരു സ്നേഹബന്ധം. അപ്പോൾ എവിടെയോ ഒരു സ്പെല്ലിംഗ് മിസ്റ്റേക്ക് ഇല്ലേ?

മോഷണായി പേര് സൂചിപ്പിക്കുന്നതുപോലെ ഒന്നാംതരം കള്ളനാണ്. ദുർന്നടപ്പുകാരനാണെന്നും തെളിഞ്ഞുകഴിഞ്ഞു. ഇത്തരത്തിലുള്ള ഒരാളുമായി ചങ്ങാത്തം കൂടുന്നയാൾ ഏതു തരത്തിലുള്ളവനാണെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

മോഷണായിയുടെ തനിനിറം തിരിച്ചറിയാതെ കെ.എ.ഏബ്രഹാം അബദ്ധത്തിൽ ചാടിയതാണെന്ന് വിശ്വസിക്കാൻ ബുദ്ധിമുട്ടുണ്ട്. കാരണം ഡിഫെൻഡർ കെ.എ.ഏബ്രഹാമിന് സ്ഥിരമായി അയച്ചുകൊടുക്കുന്നുണ്ട്. അത് വായിക്കുന്ന ആൾക്ക് മോഷണായിയുടെ കഥകൾ അറിയാതിരിക്കാനാവില്ലല്ലോ. ആരോട് ബന്ധുത കൂടണമെന്നത് കെ.എ.ഏബ്രഹാമിന്റെ സ്വന്തം കാര്യമാണ് എന്ന നിലപാടിലാണെങ്കിൽ അത് തീക്കൊള്ളികൊണ്ട് തല ചോറിയുന്നതുപോലെയാകും.





**ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ ക്രിസ്ത്യാനിറ്റി ഇൻ ക്രൈസിസ് എന്ന പുസ്തകം ഇപ്പോൾ മലയാളത്തിൽ ലഭിക്കുന്നു.**

**പുസ്തകം ആവശ്യമുള്ളവർ ബന്ധപ്പെടുക.**

വിലാസം:
K.P.Varghese,
Bethel, Njalbhagam, Kaviyoor P.O.
Thiruvalla, Pattabamthitta - 689582
**Ph: 0469-2618764, Mob: 9446505463**


# തങ്കുവും തോമസ്കുട്ടിയും തട്ടിപ്പ് തുടരുന്നു



പൊതുജനം കഴുതയാണെന്ന് തെളിയിച്ചുകൊണ്ട് തങ്കുവും തോമസ് കുട്ടിയും തട്ടിപ്പ് തുടരുന്നു. കൊല്ലത്ത് ഇവർ നടത്തിയ യോഗത്തിൽ ആയിരങ്ങൾ വഞ്ചിക്കപ്പെട്ടു.

സത്യ സുവിശേഷം പ്രസംഗിക്കേണ്ടത് ഏതു വിശ്വാസിയുടേയും കടമയാണ്. പക്ഷേ തങ്കുവും തോമസ്കുട്ടിയും പ്രസംഗിക്കുന്നത് മറ്റൊരു സുവിശേഷമാണ്. രോഗവും ദു:ഖവും പട്ടിണിയും കഷ്ടവും ഒന്നുമില്ലാത്ത ജീവിതമാണ് ഇവരുടെ ദൈവം വാഗ്ദാനം ചെയ്യുന്നത്. ദാരിദ്ര്യം മാറി സമൃദ്ധിയുണ്ടാകും. കുട്ടികളില്ലാത്തവർക്ക് കുട്ടികൾ. ജോലിയില്ലാത്തവർക്ക് ജോലി. അങ്ങനെ എല്ലാവിധ ഭൗതീക അനുഗ്രഹങ്ങളും ഇവരുടെ ദൈവം കൊടുക്കുമത്രേ. ഇത് ലാസറിന്റെ ദൈവമല്ല ധനവാന്റെ ദൈവമാണ് എന്ന് തീർച്ച.

ഇത്തരം ഒരു ദൈവത്തെ പ്രസംഗിക്കാനുള്ള സ്വാതന്ത്ര്യം തങ്കുവിനും തോമസ്കുട്ടിക്കും ഉണ്ട് എന്നതിന് സംശയമില്ല. കാരണം, ഏതു മതത്തിൽ വിശ്വസിക്കാനും അത് പ്രചരിപ്പിക്കാനും ഉള്ള സ്വാതന്ത്ര്യം ഏത് ഇന്ത്യൻ പൗരനുമുണ്ട്. പക്ഷേ ഈ ദൈവത്തെ ഇവർ കർത്താവായ യേശുക്രിസ്തു എന്ന് വിളിക്കുന്നതാണ് പ്രശ്നം. ബൈബിളിലുള്ള കർത്താവ് ഇവർ പറയുന്ന വിധത്തിലുള്ള ദൈവമല്ല. സമൃദ്ധിയുടെ സുവിശേഷത്തിന് ബൈബിളിൽ അടിസ്ഥാനമില്ല. അതുകൊണ്ട് ഇവരുടെ ദൈവത്തിന് ത്രിയേക ദൈവത്തിന്റെ പേരിട്ട് ഇവർ ജനവഞ്ചന നടത്തുകയാണ് ചെയ്യുന്നത്.

നടക്കാത്ത അത്ഭുതങ്ങൾ നടന്നു എന്ന് പ്രചരിപ്പിച്ചും ഇവർ ജനങ്ങളെ വഞ്ചിക്കുന്നുണ്ട്. അത്ഭുതം എന്ന് വിളിക്കാവുന്ന ഒരു സംഭവം പോലും നാളിതുവരെ നടന്നിട്ടില്ല. പക്ഷേ മരിച്ചവർ ഉയിർത്തു എന്നുവരെ പച്ചക്കള്ളം പറഞ്ഞ് ഇവർ ജനവഞ്ചന നടത്തുകയാണ്.

ഇവർ നടത്തുന്ന യോഗങ്ങളിൽ വൻജനക്കൂട്ടം ഉണ്ടാകുന്നത് ചൂണ്ടിക്കാട്ടി പലരും ആശ്ചര്യപ്പെടാറുണ്ട്. ആൾക്കൂട്ടം ഉണ്ടാകുന്നത് ആത്മീയതയുടെ അളവുകോലാണെങ്കിൽ ശബരിമലയിലാണ് ഏറ്റവും ആത്മീയതയുള്ളത് എന്ന് പറയേണ്ടതായി വരും.

ഇവരുടെ യോഗത്തിൽ പങ്കെടുക്കുന്ന നൂറുകണക്കിന് ആളുകൾ സ്നാനമേൽക്കുന്നത് ചൂണ്ടിക്കാട്ടിയും ചിലർ ഇവരെ വെള്ളപൂശാൻ ശ്രമിക്കാറുണ്ട്. പക്ഷേ ഇവർ പ്രസംഗിക്കുന്ന ദൈവത്തിൽ വിശ്വസിച്ച് സ്നാനമേറ്റാൽ എല്ലാവിധ ഭൗതീകാനുഗ്രഹങ്ങളും ലഭിക്കും എന്നു തെറ്റിദ്ധരിച്ചാണ് ജനം സ്നാനമേൽക്കുന്നത് എന്ന വസ്തുത നാം കാണാതെ പോകരുത്. ദൈവമക്കൾ ഈ ഭോഷ്ക്കിന്റെ ആത്മാവിനെ തിരിച്ചറിയണം.

# ജാലകം കൊള്ളാം

റിഡേഴ്സ് ജാലകം ഈയിടെയായി നന്നാകുന്നുണ്ട്. അഭിനന്ദനങ്ങൾ.

പെന്തക്കോസ്തിൽ ഒട്ടേറെ നപുംസക പത്രങ്ങളുണ്ട്. അടുത്ത കാലം വരെ ജാലകവും അത്തരത്തിലുള്ള ഒന്നായിരുന്നു. ഗുണമോ മണമോ രുചിയോ ഇല്ലാത്ത അത്ഭുതവസ്തു. പക്ഷേ ഏതാനും മാസം മുൻപ് ഈ സ്ഥിതിക്ക് മാറ്റം വന്നു. സത്യം തുറന്നു പറയാനുള്ള ധൈര്യം ജാലകത്തിനുണ്ടായി.

ഡിസംബർ ലക്കം തന്നെ നല്ല ഉദാഹരണം. സൈദ്ധാന്തിക അടിത്തറ ഇളകുന്ന പെന്തക്കോസ്തലിസം, ജഗതി എൻ.കെ.ആചാരിയോട് നാം എന്തിന് പരിഭവിക്കണം, അച്ചന്റെ പൊങ്ങൻ കുപ്പായവും പാസ്റ്ററുടെ വെപ്രാളവും, തേജസ്സു വാരിച്ചുറ്റിയുള്ള നടത്തം തുടങ്ങിയ ലേഖനങ്ങൾ ഒന്നാംതരമായി. ലേഖകർക്കും ജാലകത്തിനും ഡിഫെൻഡറിന്റെ അഭിനന്ദനങ്ങൾ. ചുമ്മാഡോ ബാബു ജോർജിന്റെ വാചകമേള ഒഴികെയുള്ള മറ്റു വിഭവങ്ങളും സാമാന്യ നിലവാരം പുലർത്തി.

എങ്ങനെയാണ് ജാലകത്തിന് ഇത്തരമൊരു മാറ്റം വന്നതെന്ന് അറിഞ്ഞുകൂടാ. കാരണം എന്തുതന്നെ ആയാലും ഈ നയവ്യതിയാനം അത്ഭുതകരമായിരിക്കുന്നു. ഈ മാതൃക പിൻതുടരാൻ മറ്റു പെന്തക്കോസ്ത് പത്രങ്ങൾ കൂടി തയ്യാറായാൽ പെന്തക്കോസ്ത് നന്നാകും.

# രുദ്രാക്ഷാനന്ദന് സമനില തെറ്റിയോ?



ക്രിസ്ത്യൻ ട്രൈബ്യൂണിന്റെ ഉടമസ്ഥനായ മാത്യൂസ് ലൂക്കോസിന് സമനില തെറ്റിയോ? ഇയാൾക്ക് ഗുരുതരമായ മാനസികരോഗമാണെന്ന് സംശയിക്കത്തക്ക നടപടികളാണ് ഈയിടെയായി ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ഏതാനും മാസം മുൻപ് ഇയാൾ ഗംഗയിൽ മുങ്ങി രുദ്രാക്ഷവും ഇട്ട് കാവിയും ഉടുത്ത് നാട്ടിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ഏതു മതത്തിൽ വിശ്വസിക്കാനും ഇന്ത്യൻ പൗരന് അവകാശമുള്ളതുകൊണ്ട് ആ പ്രശ്നം ഇയാളുടെ സ്വാതന്ത്ര്യത്തിൽ പെട്ട കാര്യമാണ്. പക്ഷേ ക്രിസ്ത്യാനിയെന്ന ഭാവത്തിൽ ഇയാൾ ഇപ്പോഴും നടക്കുന്നത് വഞ്ചനയാണ്.

ഇയാൾ സ്വന്തം ഭാര്യയോടും മക്കളോടും ഈയിടെയായി തികച്ചും മൃഗീയമായാണ് പെരുമാറുന്നത്. അവരെ ശാരീരികമായും മാനസികമായും നിരന്തരം പീഡിപ്പിക്കയും പട്ടിണിക്കിടുകയും വധഭീഷണി മുഴക്കുകയും ചെയ്തുവരുന്നു. ഇവരെ കൊന്നാൽപ്പോലും ആരും ചോദിക്കയില്ല എന്നത്രേ ഇയാൾ പറയുന്നത്. പ്രശ്നം ഗുരുതരമായതോടെ ഇയാളുടെ ഭാര്യയും മക്കളും വീടുവിട്ട് ഓടിക്കഴിഞ്ഞു. അവർ ഇപ്പോൾ സ്വന്തം മാതാപിതാക്കളോടൊപ്പമാണ് കഴിയുന്നത്. പക്ഷേ അവിടെയെത്തിയും ഇയാൾ ഭീഷണി തുടരുന്നു. ഇയാളുടെ ക്രൂരത സഹിക്കാനാവാതെ അവർ ഇയാൾക്കെതിരെ കേസ്സ് കൊടുത്തിട്ടുണ്ട്.

മാത്യൂസിന്റെ തട്ടിപ്പുകൾ തുറന്നു കാണിച്ചുകൊണ്ട് ഡിഫെൻഡർ പലവട്ടം എഴുതിയിട്ടുണ്ട്. പക്ഷേ ഡിഫെൻഡർ പറയുന്നതെല്ലാം കള്ളമാണെന്നത്രേ ഇയാൾ പ്രചരിപ്പിക്കുന്നത്. ഡിഫെൻഡറിനെതിരെ മാനനഷ്ട ക്കേസ്സ് കൊടുക്കുമെന്നും പറയുന്നു. അതുകൊണ്ട് ഡിഫെൻഡർ മാത്യൂസിനോട് പറയുന്നു: ധൈര്യമുണ്ടെങ്കിൽ എത്രയും വേഗം മാനനഷ്ടക്കേസ്സ് കൊടുക്കുക.

# Christian Rock Music: Christian or Satanic?

## Ric Llewellyn

**(Con...... from the previous Issue)**

When people generally speak of the evils of secular rock music, they often refer to the supposedly evil and/or satanic messages that are covertly placed in the minds of the listeners through a method called "back-masking." The theory behind back-masking is that messages that are below the audio level (reversed messages in this case) will be received by the "unconscious mind," thus by-passing conscious evaluation, and then at some time in the future, are able to affect the behavior of the listener. This idea of the unconscious receiving messsages directly through finer perceptive mechanisms than available to the conscious mind is based upon Freud's thoroughly discredited theory of the unconscious-discredited because the theory has not been supported either neurologically or practically. Moreover, the Freudian unconscious is in direct conflict with the Word of God, which is consciously and volitionally oriented.

We do not doubt that back-masked messages have in fact been recorded, but since there is no proof that the human mind is capable of even receiving these messages, their effect on human behavior must obviously be zero. (In fact, in a court case a few years ago involving the British rock band Judas Priest, the band was accused of culpability in the suicide deaths of two teenagers who had allegedly killed themselves as a result of acting upon the back-masked "subliminal" messages on the band's recordings. The band was found not guilty, not because the subliminal messages were not recorded (they were recorded), but because the scientific evidence presented at the trial was overwhelmingly convincing that subliminal messages just don't work!)

Therefore, it is quite disturbing to hear that so-called Christian musicians have also been getting involved with the back-masking of "Christian messages" on their recordings, under the guise of "subliminal evangelism." Some have even made the incredulous claim that, unbeknownst to them, the Holy Spirit Himself did the back-masking!! Even assuming their ignorance of the non-efficacy of back-masking, are not these musicians in effect saying that the Holy Spirit needs to resort to trickery in order save sinners. Do they believe that the Word of God, preached clearly and without deceit, is no longer capable of convicting men and calling them out for salvation? (See PsychoHeresy Update, Winter 1991, for a more thorough discussion of subliminals and back-masking.)

That music can be used for evil is clear from Scripture. Lucifer was created with a wealth of musical talents, which were evidently to be used for directing the angelic host in the worship of God (Ezek. 28:13 [KJV]). Lucifer's fall (Ezek. 28:11-19) evidently led to the perversion of music, so that its improper use could actually be offensive to God (Amos 5:23; 6:5). That music can have a powerful influence on ones emotions, mood, or state of being is clearly taught in Scripture (e.g., I Samuel 16:15-17, 23; II Ki. 3:15).

Nevertheless, some biblicists continue to say that music is amoral (rather than moral or immoral), and that it can have no power to cause one to sin. Everyone is entitled to their opinions, but the scientific research indicates just the opposite to be the case (not to mention the biblical record cited above). Even Allan Bloom (an unbeliever), in his book The Closing of the American Mind, makes some interesting observations concerning the moral effects of music on people (pp. 68-81):

(a) "Nothing is more singular about this generation than its addiction to music. … Today, a very large portion of young people between the ages of ten and twenty live for music. ... Rock music encourages passions and provides models that have no relation to any life the young people ... can possibly lead. ... **I suspect that the rock addiction, particularly in the absence of strong counterattractions, has an effect similar to that of drugs."**

(b) Plato had quite a bit to say about the morality of music from a philosopher's standpoint. In the Republic, Plato devotes considerable time to the role of music in political and moral life: "Plato's teaching about music is, put simply, that rhythm and melody, accompanied by dance are the barbarous expression of the soul. Barbarous, not animal. Music is the medium of the human soul in its most ecstatic condition of wonder and terror ... Music is the soul's primitive and primary speech and its alogon, without articulate speech or reason. It is not only not reasonable, it is hostile to reason. Even when articulate speech [**lyrics**] is added, it is utterly subordinate to and determined by the music and the passions it expresses. ... Armed with music, man can damn rational thought. Out of the music emerge the gods that suit it, and they educate men by their example and their commandments." (Emphasis added.)

(c) "Hence, for those interested in ... [spiritual] health, music is the center of education, both for giving the passions their due and for preparing the soul for the unhampered use of reason."

(d) "This is the significance of rock music. I do not suggest that it has any high intellectual sources. But it has risen to its current heights in the education of the young on the ashes of classical music, and in an atmosphere in which there is no intellectual resistance to attempts to tap the rawest passions ... **rock music has one appeal only, a barbaric appeal, to the sexual desire-not love, not eros, but sexual desire undeveloped and untutored."**

In fact, in ancient Rome, Plato once demanded strict censorship of music because he feared "citizens would be corrupted by weak and voluptuous errors and led to indulge in immoralizing emotions." (Note that Plato was talking about the **score**, not the **lyrics**.)

David Tame (another unbeliever), in his 1984 book, The Secret Power of Music, not only further demonstrates the moral nature of music, but he also reveals extensive medical research demonstrating the destructive effects of rock music (on both the mind [emotions] and the body): [See the attached abbreviated bibliography for additional reference materials that details some more of the extensive research (including scientific) that has been conducted concerning the effects of music.]

(a) In commenting on the origin and the morality of rock music, Tame says, "... a certain cross-fertilization was becoming apparent between the 'new music' and the general jazz and rock style. It came to be seen that the technical differences between 'serious' music, jazz, rock, or any other form of modern music were less important than the underlying factor that their philosophical basis was more or less one and the same: hedonism and anarchy" (p. 103). (Emphasis added.)

(b) "In the rock industry, money is basically what it is all about; and thus music is directed, not upward ... but to the lowest common denominator. The question of questions is Will it sell? The standard of artistry could not be less relevant" (p. 116).

(c) "Were we to scour the globe in search of the most aggressively malevolent and unmistakably evil music is existence, it is more than likely that nothing would be found anywhere to surpass voodoo in these attributes ... as the rhythmic accompaniment to satanic rituals and orgies, voodoo is the quintessence of tonal evil. ... Its multiple rhythms [**score**], rather than uniting into an integrated whole, are performed in a certain kind of conflict with one another. ... What is certain is that to hear this music is to become instantly encompassed by the sound of its raw, livid power. ... Musicologists and historians are in no doubt that the drum rhythms of Africa were carried to America and were transmitted and translated into the style of music which became known as jazz. Since jazz and the blues were the parents of rock and roll, **this also means that there exists a direct line of descent from the voodoo ceremonies of Africa, through jazz, to rock and roll and all the other forms of rock music today"** (pp. 189-190). (Emphasis added.)

(d) "In the one corner: the ancients and traditionalists; the conviction that music affects character and society, and that therefore the artist has a duty to be responsibly moral and constructive, not immoral and destructive. In the other corner: the materialists; disclaiming responsibility and the need for value judgments, paying no heed to the outcome of their sounds. The second camp contains not only the radical avant-garde, but the entire mass of the much more popular and culturally significant jazz and rock musicians. Who, then, is correct? ... Do life patterns follow music patterns or do they not? " (p. 136). Tame goes on to cite extensive research that overwhelmingly supports the contentions of the traditionalists: that music in general can be, and rock music specifically is, a negative influence on both the physical body and moral nature of man.

(e) "To the question, 'Does music affect man's physical body?' modern research applies in the clear affirmative. There is scarcely a single function of the body which cannot be affected by musical tones [**score**] ... Investigation has shown that music affects digestion, internal secretions, circulation, nutrition and respiration. Even neural networks of the brain have been found to be sensitive to harmonic principles" (p. 136). (Emphasis added.)

(f) "Researchers have discovered that consonant and dissonant chords, different intervals, and other features of music [**score**] all exert a profound effect upon man's pulse and respiration-upon their rate and upon whether their rhythm is constant, or interrupted and jumpy. Blood pressure is lowered by sustained chords and raised by crisp, repeated ones. [It has also been found that the tension of the larynx is affected by melodies, that sound stimuli can have a negative effect upon the skeletal muscles, that rock rhythms cause the heart beat to lose its perfect rhythm, and **that certain rhythms can even cause a rare malady known as "musicogenic epilepsy" (76 documented cases as of 1984), with which some of its victims have been tormented to the point of committing suicide or murder.] ...** We can see, then, that music affects the body in two distinct ways: directly, as the effect of sound upon the cells and organs, and indirectly, by affecting the emotions, which then in turn influence numerous bodily processes" (p. 137). (Emphasis added.) Julius Portnoy has also found that not only can music [**score**] "change metabolism, affect muscular energy, raise or lower blood pressure, and influence digestion," but "It may be able to do all these things more successfully ... than any other stimulants that produce those changes in our bodies" (p. 138). Musicologist Alice Monsarrat points out that it "is precisely at this point that rock 'n' roll ... becomes potentially dangerous. This is because, to maintain a sense of well-being and integration, it is essential that man is not subjected too much to any rhythms not in accord with his natural bodily rhythms" (p. 199).

(g) Extensive research has also been conducted on the effects of music upon non-human life, both animals and plants. Paradoxical as it may seem, plant experiments concerning the effects of music upon life are even more convincing than human experiments: that music does affect life, including human life. This is because in plant experiments the effect of the mind's subjective preconditioning and subjective reaction to the music, or one's "feeling" for the music, or one's personal tastes in music have obviously all been removed; i.e., if music [**score**] can be shown to affect plants, then such effects have to be due to the objective influence of the musical tones and rhythms directly upon the cells and processes of the life-form itself. (It is also easier to set-up a valid, scientifically controlled experiment with plant life than with human life.)

The plant research findings are solidly in the traditionalist camp: not only did rock music stunt the growth of a wide variety of plants, but if played long enough, the plants actually died. And even more startling were the findings of Dr. T.C. Singh, head of the Botany Department at Annamalia University, India. His experiments demonstrated that not only did certain forms of music and certain musical insturments (specifically, classical music and the violin) cause plants to grow at twice their normal speed, but that later generations of the seeds of musically stimulated plants carried on the improved traits of greater size, more leaves, etc.! Presumably, the same effect can result in the negative sense, from bad music. The possible significance of Dr. Singh's findings to human life is evident, and should be at least a little disconcerting to rock music fans (p. 141).

**(Con...... in the Next Issue)**

# ബെന്നിഹീൻ: സത്യവും മിഥ്യയും

ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ ക്രിസ്ത്യാനിറ്റി ഇൻ ക്രൈസിസ് എന്ന പുസ്തകത്തിൽ നിന്ന് എടുത്തതാണ് ഈ ലേഖനം.



അന്ന് 1947 ഡിസംബർ 7 ആയിരുന്നു. സ്ഥലം ഒന്റാറിയോവിലെ ഒഷാവായും. ജീവിതത്തിൽ ആദ്യമായി പ്രസംഗ പീഠത്തിൽ കയറിയതാണ് സന്ദർഭം. തന്നെ ഇന്നും അത്ഭുതപ്പെടുത്തുന്ന രീതിയിലുള്ള ഉൾക്കാഴ്ചകൾ നിറഞ്ഞ പ്രസംഗത്തിനു ശേഷം കൈകൾ ഉയർത്തി പരിശുദ്ധാത്മാവിനെ വിളിച്ചു വരുത്തി. ഹിൻ തുടർന്ന് എഴുതുന്നു. ക്ഷണത്തിൽ ദൈവത്തിന്റെ ശക്തി ആ സ്ഥലത്തു വ്യാപരിച്ചു. ആളുകൾ കരഞ്ഞുകൊണ്ട് തറയിൽ വീഴുവാൻ തുടങ്ങി. ദൈവമെ ഞാൻ എന്തു ചെയ്യേണ്ടു എന്ന് കരയത്തക്ക നിലയിൽ ശക്തിയുടെ വ്യാപാരം അവിശ്വനീയമായ നിലയിൽ വലുതായിരുന്നു.

ഈ സമയത്ത് ശുശ്രൂഷ, മീറ്റിംഗ് നയിച്ചുകൊണ്ടിരുന്ന തന്റെ സഹ പ്രവർത്തകനെ ഏല്പിക്കുവാൻ ഹീൻ ശ്രമിച്ചു. ഹിൻ പറയുന്നു. അടുത്തു വന്നു ശുശ്രൂഷ ഏറ്റെടുക്കട്ടെ എന്ന ഉദ്ദേശ്യത്തോടെ എന്റെ കൈ അദ്ദേഹത്തിന്റെ നേരെ നീട്ടി. ഉടനെ അനേക അടി പുറകിലേക്ക് അദ്ദേഹം തെറിച്ചു വീണു. അദ്ദേഹത്തെ അടുത്തേക്കു കൊണ്ടുവരുവാൻ ഞാൻ വീണ്ടും വീണ്ടും ശ്രമിക്കുകയായിരുന്നു. എന്നാൽ അദ്ദേഹം പുറകോട്ട് എടുത്ത് എറിയപ്പെട്ടു കൊണ്ടിരുന്നു. ഓരോ പ്രാവശ്യവും തന്റെ സഹപ്രവർത്തകനെ അടുത്തു കൊണ്ടുവരുവാൻ ശ്രമിക്കുമ്പോഴും അദ്ദേഹത്തെ ഭിത്തിക്കുനേരെ എടുത്ത് എറിയത്തക്കവിധത്തിൽ അതിശക്തമായിരുന്നു തന്നിൽ നിന്നു പുറപ്പെട്ട പരുക്കൻ ദൈവിക ശക്തി എന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

പരിശുദ്ധാത്മാഭിഷേകത്തിന്റെയും ശക്തമായ പ്രസംഗത്തിന്റെയും പ്രത്യേകതകൾ ഉള്ള ഒരു ശുശ്രൂഷയുടെ ആരംഭമാണ് ഇത് എന്ന് ഹിൻ വായനക്കാരോട് പറയുന്നു. അത്ഭുതകരമായി എന്റെ ശുശ്രൂഷ വളരുവാനും കൂണു പോലെ മുളച്ചു പൊങ്ങുവാനും തുടങ്ങി എന്നു ഹിൻ പറയുന്നു.

ബന്നിഹീൻ പറയുന്ന അഭിഷേകത്തിന്റെ പ്രത്യേകത അത് അമിത വാഗ്ദാനം നൽകുന്നു എങ്കിലും പ്രായോഗികതലത്തിൽ പരാജയം ആണെന്നതാണ്. നിങ്ങൾ പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുകയും അന്യഭാഷകളിൽ സംസാരിക്കുകയും മാത്രമെ ചെയ്യുന്നുള്ളു എങ്കിൽ നിങ്ങൾക്ക് വളരെയൊന്നും ലഭിച്ചിട്ടില്ല എന്നാണ് ക്രിസ്ത്യാനികളോട് പ്രത്യേകിച്ച് കാരിസ്മാറ്റിക് ക്രിസ്ത്യാനികളോട് ഹിൻ പറയുന്നത്. ഹിന്നിന്റെ തന്നെ വാക്കുകളിൽ അത് ഇപ്രകാരമാണ്. ''ഇത്രമാത്രമെ ഉള്ളു എങ്കിൽ അതിൽ കാര്യമായ എന്തെങ്കിലും ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല.'' അതിനുള്ള അദ്ദേഹത്തിന്റെ പരിഹാരം അഭിഷേകം (Anointing) ആണ്.

അങ്ങനെയെങ്കിൽ എന്താണ് ഈ അഭിഷേകം? ഉത്തരം അതു ശക്തിയാണ് എന്നത്രേ. അതില്ലാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല എന്ന് ഉറപ്പിച്ചു പറയുന്നതോടൊപ്പം തന്നിലൂടെ ആ ശക്തി എങ്ങനെയാണ് വെളിപ്പെടുത്തുന്നത് എന്നതിന് ഒന്നിനു പുറകെ ഒന്നായി പല കഥകൾ ഹിൻ പറയുന്നു. അദ്ദേഹം പറയുന്നു. ഞാൻ അമിത പ്രാധാന്യം കൊടുക്കുകയാണ് എന്നു നിങ്ങൾ കരുതരുത്. ദൈവവേലക്കായി നിങ്ങൾ വിളിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ഈ ശക്തി കൂടിയേ തീരു. അതില്ലാതെ വളർച്ചയോ അനുഗ്രഹമോ വിജയമോ ഉണ്ടാകുകയില്ല. തന്റെ പ്രസ്താവനയ്ക്ക് ഹീൻ പരിധി കല്പിക്കുന്നില്ല. ഉദാഹരണമായി അതില്ലാതെ നിങ്ങളുടെ വളർച്ച പരിമിതമായിരിക്കും എന്നല്ല അദ്ദേഹം പറയുന്നത്. അതില്ലാതെ വളർച്ചയേ ഉണ്ടാകുകയില്ല എന്നാണ്.

എന്നാൽ ബെന്നിഹീനിന്റെ ബുക്ക് വില കൊടുത്തുവാങ്ങിയാൽ യഥാർത്ഥമായത് അനുഭവിക്കുവാൻ തക്കവണ്ണം എങ്ങനെ വളരുവാൻ കഴിയും എന്ന് അതിലൂടെ അദ്ദേഹം വിശദീകരിച്ചു തരും. ലൗകീകമായ ആഗ്രഹങ്ങളിൽ ചിലതു മാത്രമല്ല അവയെ അപ്പാടെ ഉപേക്ഷിക്കത്തക്കനിലയിൽ യഥാർത്ഥമായ അനുഭവത്തിൽ പൂർണ്ണനായിത്തീർന്നു എന്ന് ഹിൻ അവകാശപ്പെടുന്നു. അദ്ദേഹം പറയുന്നു. എന്റെ കാര്യത്തിൽ ലോകത്തിലെ സകലത്തിനോടും ഉള്ള ആഗ്രഹം നഷ്ടപ്പെട്ടു എന്ന് എനിക്കറിയാം. എന്റെ ലോകമോഹങ്ങൾ ഒഴിഞ്ഞു പോയി. ഇപ്പോൾ എന്റെ ഉള്ളിൽ യാതൊരു മത്സര ചിന്തയും ഇല്ല. അതു ശരിയെങ്കിൽ ക്രിസ്തുവിനെപ്പോലെ ഹിനും യഥാർത്ഥമായി പാപരഹിതൻ ആയിരിക്കണം. എന്നാൽ ഒരു കാര്യം എനിക്ക് ഉറപ്പുണ്ട്. ക്ഷണികരായ നമ്മിൽ നിന്നും അക്കാര്യത്തിൽ ഹിൻ ഒട്ടും വ്യത്യസ്തനല്ല.

കാര്യം ഇങ്ങനെയൊക്കെ ആണെങ്കിലും 1990 ഡിസംബർ 5-ാം തീയതി ഞാൻ അദ്ദേഹത്തെ കണ്ടതിനു ശേഷം തന്റെ തെറ്റായ ചില സിദ്ധാന്തങ്ങൾ എങ്കിലും അദ്ദേഹം ഉപേക്ഷിക്കും എന്ന് ഞാൻ ആശിച്ചിരുന്നു. ആശയുടെ ചില കിരണങ്ങൾ കാണുകയും ചെയ്തിരുന്നു. പരിശുദ്ധാത്മാവെ പ്രഭാത വന്ദനം എന്ന തന്റെ പുസ്തകത്തിൽ നിന്ന് അത്യന്തം മോശമായ, സിദ്ധാന്തപരമായ ചില അബദ്ധങ്ങൾ നീക്കം ചെയ്യാം എന്ന് ഹീൻ സമ്മതിച്ചിരുന്നു. പിന്നീടുള്ള പ്രസിദ്ധീകരണത്തിൽ ചില തിരുത്തലുകൾ ഉണ്ടായെങ്കിലും പൂർണ്ണ അളവിൽ തെറ്റുകൾ തിരുത്തപ്പെട്ടില്ല. എന്നിരുന്നാലും ശരിയായ ദിശയിലുള്ള ഒരു ചുവടുവെപ്പായി തോന്നി അത്.

1991-ൽ ക്രിസ്ത്യാനിറ്റി ടുഡെയുമായി നടത്തിയ ഒരു അഭിമുഖത്തിൽ തന്റെ തെറ്റുകൾ സമ്മതിക്കുകയും അവ തിരുത്താം എന്ന് ഹിൻ ഏല്ക്കുകയും ചെയ്തു. ത്രിത്വത്തിൽ ഒൻപതു പേർ (പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും പ്രത്യേക ആത്മാവും ജീവനും ശരീരവും ഉള്ളതുകൊണ്ട്) ഉണ്ടെന്നു പരിശുദ്ധാത്മാവു വെളിപ്പെടുത്തിയതായുള്ള തന്റെ പ്രസ്താവന ശുദ്ധ അബദ്ധം ആയിരുന്നു എന്നും ഹീൻ സമ്മതിച്ചു.

ദൈവം നൽകിയാൽ പരിശുദ്ധാത്മാവാകുന്ന യന്ത്രത്തോക്ക് ഉപയോഗിച്ച് തന്റെ ശത്രുക്കളെ വകവരുത്തും എന്നു മുൻപ് ഭീഷണിപ്പെടുത്തിയതുപോലെ തന്നെ വിമർശിക്കുന്നവരെ ഇനി ഒരിക്കലും ആക്രമിക്കുകയില്ല എന്ന് ഹീൻ പറഞ്ഞു. ഇതിലൊക്കെ പ്രധാനം വിശ്വാസ പ്രസ്ഥാന സന്ദേശത്തിൽ താൻ വിശ്വസിക്കുന്നില്ല എന്നും അതുകൊണ്ട് യാതൊരു പ്രയോജനവും ഇല്ല എന്നു മുള്ള ഹിന്നിന്റെ പ്രസ്താവന ആയിരുന്നു.

ആത്മാർത്ഥമായാണോ ഹിൻ ഇതു പറഞ്ഞത്? അതോ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കുവാനുള്ള തന്ത്രം ആയിരുന്നുവോ? ഉത്തരം രണ്ടാമത്തേത് ആയിരുന്നു എന്നു പിന്നീട് വ്യക്തമായി. ആഴ്ചകൾക്കുള്ളിൽ ഹിൻ തന്റെ പഴയ വഴികളി ലേക്കു മടങ്ങിപ്പോയി.

ത്രിത്വത്തിലെ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും പ്രത്യേകം പ്രത്യേകം അത്മാവും ജീവനും ശരീരവും ഉണ്ട് എന്ന് പരിശുദ്ധാത്മാവു നൽകി എന്നു പറയുന്ന വെളിപാട് നമ്മെ ആശയക്കുഴപ്പത്തിൽ ആക്കുന്നു. അത് വാസ്തവമായി ഒരു ദൈവിക വെളിപാട് ആയിരുന്നു എങ്കിൽ അത് ഒരു അബദ്ധ പ്രസ്താവന ആയിരുന്നു എന്നു പറഞ്ഞുകൊണ്ട് പിന്നീട് ആ നിലപാടിൽ നിന്നു പിന്മാറുവാൻ ഹിന്നിന് എങ്ങനെ കഴിഞ്ഞു? തീർച്ചയായും ദൈവത്തിൽ നിന്നുള്ളത് ആയിരുന്നില്ല അത് എന്നതാണ് അതിനുള്ള മറുപടി. ക്രിസ്ത്യാനിറ്റി ടുഡെക്കു നൽകിയ അഭിമുഖത്തിന് ഒരാഴ്ചക്കു ശേഷം പിതാവിനും പരിശുദ്ധാത്മാവിനും പ്രത്യേക ശരീരങ്ങൾ ഉണ്ടെന്ന് ഹീൻ പഠിപ്പിച്ചു. ഇതു കാണിക്കുന്നത് ആ വിഷയത്തിൽ തന്റെ നിലപാടിൽ മാറ്റം വരുത്തിയതായുള്ള പ്രസ്താവന ആത്മാർത്ഥമായിരുന്നില്ല എന്നാണ്.

ത്രിത്വത്തിൽ 9 പേർ ഉണ്ടെന്നു താൻ അവകാശപ്പെട്ടു എന്ന കാര്യം ഓർക്കുമ്പോൾ തന്നെ ഇന്ന് ഹിനിനു ചിരിവരും. എന്നിരുന്നാലും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്വന്തമായ ആത്മീക ശരീരം ഉണ്ട് എന്ന ആശയം ഇപ്പോഴും അദ്ദേഹം നിലനിർത്തുന്നു.

അതുപോലെ തന്നെ തന്റെ ഒരു പഴയ സ്വഭാവത്തിലേക്ക് - വിമർശകരെ ഭീഷണിപ്പെടുത്തുന്ന സ്വഭാവത്തിലേക്ക് - മടങ്ങുവാനും ഹിൻ അധികം സമയം എടുത്തില്ല. മുൻപ് പ്രസ്താവിച്ചതുപോലെ തന്റെ വിമർശകർക്കുനേരെ പുതിയ ഭീഷണിപരമ്പര ആരംഭിക്കുവാൻ പ്രസിഡന്റായിരുന്ന ജോൺ എഫ്. കെന്നഡിയുടെ വധ വാർഷിക ദിനമായ 1991 നവംബർ 22 ഹിൻ തിരഞ്ഞെടുത്തു.

അതിനു ശേഷം സി. ആർ.ഐ.യ്ക്ക് എതിരായ ഏറ്റവും ക്രൂരമായ ഭൂഷണി മുഴക്കി. (ക്രിസ്യാനിറ്റി ടുഡെയുമായുള്ള അഭിമുഖത്തിൽ അദ്ദേഹം ഇതു സമ്മതിച്ചിരുന്നു). സി. ആർ. ഐയുടെ ആസ്ഥാനത്തു നിന്ന് അധികം അകലെയല്ലാതെ കാലിഫോർണിയയിലെ അനാഹിമിൽ 1992 ഓഗസ്റ്റ് ഏഴിന് നടത്തപ്പെട്ട അഖിലലോക കരിസ്മാറ്റിക് കോൺഫറൻസിൽ അദ്ദേഹം ഭീഷണികൾ മുഴക്കി. അതിനു മുമ്പായി പ്രസംഗം ചീത്രീകരിക്കുന്നത് നിർത്തുവാൻ ക്യാമറക്കാരോട് അദ്ദേഹം ആവശ്യപ്പെട്ടു. എന്നാൽ ഭീതീ ഉളവാക്കുന്ന താള മേളങ്ങളുടെ പശ്ചത്തലത്തിൽ ഞങ്ങൾക്ക് എതിരെയും ഞങ്ങളുടെ കുഞ്ഞുങ്ങൾക്ക് എതിരെയും നടത്തിയ ഭീഷണികളുടെ ടേപ്പുകൾ ഞങ്ങളുടെ കൈവശം ഉണ്ട്. അവയിൽ ചിലത് ശ്രദ്ധിക്കു:

''ദൈവത്തിന്റെ എന്നിലുള്ള അത്യന്ത ശക്തിയോടെ ഞാൻ എന്റെ വിരലുകൾ ചൂണ്ടുകയാണ്. നിങ്ങൾ ഇതു ശ്രദ്ധിക്കു. എന്നെ അക്രമിച്ചിരിക്കുന്ന സ്ത്രികളും പുരുഷന്മാരും കലിഫോർണിയയിൽ ഉണ്ട്. എന്നിലുള്ള അഭിഷേകത്തിന്റെ ശക്തിയോടെ ഞാൻ പറയുന്നു, നിങ്ങൾ അതു നിറുത്തിയില്ല എങ്കിൽ നിങ്ങളുടെ കുഞ്ഞുങ്ങളിലുടെ അതിന്റെ ഫലം കൊയ്യും. മാത്രമല്ല നിങ്ങളുടെ കുഞ്ഞുങ്ങളും അനുഭവിക്കും. റേഡിയോയിലൂടെ ഓരോ രാത്രിയിലും നിങ്ങൾ എന്നെ ആക്രമിക്കുകയാണ്. നിങ്ങളും നിങ്ങളുടെ കുഞ്ഞുങ്ങളും അതിനുളള വില നൽകേണ്ടിവരും. ദൈവദാസന്റെ അധരങ്ങളിൽ നിന്നുള്ളത് ശ്രദ്ധിച്ചുകൊള്ളുക നിങ്ങൾ അപകടത്തിലാണ്. മാനസാന്തരപ്പെടുക. അല്ലെങ്കിൽ സർവ്വശക്തൻ തന്റെകരം നിങ്ങൾക്കെതിരെ നീട്ടും എന്റെ അഭിഷിക്തനെ തൊടരുത്.''

ഈ ഭീഷണികളെക്കുറിച്ച് ക്രിസ്ത്യാനിറ്റി ടുഡെ ഹിന്നിനോട് നേരിട്ടു ചോദിച്ചപ്പോൾ സ്വയ പ്രതിരോധത്തിനുവേണ്ടിയാണ് അതു പറഞ്ഞതെന്നും വ്യക്തിപരമായി താൻ ആക്രമിക്കപ്പെടുകയാണ് എന്നും തന്നെ ശാരീരികമായി ആരെങ്കിലും ആക്രമിക്കും എന്ന് ഭയപ്പെട്ടിരുന്നു എന്നും ആയിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. സി. ആർ.ഐക്കും അതിലെ ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കും എതിരെയാണ് ഈ ഭിഷണി മുഴക്കിയത് എന്നും ഹീൻ സമ്മതിച്ചു.

തുടർന്നും ഹീൻ ഭീഷണി മുഴക്കിക്കൊണ്ടിരിക്കുന്നു. റ്റി.ബി.എൻ ന്റെ സഹായത്തോടെ നടത്തപ്പെട്ട ദുരുപദേശ വേട്ടക്കാർക്ക് എതിരെയുള്ള നെടുങ്കൻ ആക്രമണ പരമ്പരയിൽ 1992 ഒക്ടോബർ 23-ാം തീയതി ഹീൻ ഇപ്രകാരം മുന്നറിയിപ്പു നൽകി. ''നിങ്ങൾ എന്നെ ആക്രമിച്ചു. നിങ്ങളുടെ കുഞ്ഞുങ്ങൾ അതിനുള്ള വില നൽകേണ്ടി വരും''.

ഹിന്നിനെ സംബന്ധിച്ചിടത്തോളം വിശ്വാസപ്രസ്ഥാന പഠിപ്പിക്കലുകൾ ഉപേക്ഷിക്കുന്നതും ആദായകരമാക്കുവാൻ കഴിയും. ഹിൻ പൂർണ്ണമായി മലക്കം മറഞ്ഞിട്ടുണ്ട്. തന്റെ തന്നെ വിശ്വാസ ദൈവശാസ്ത്രം പഠിപ്പിക്കുന്നത് തുടരുക മാത്രമല്ല സ്വന്തപാതയിൽ നിന്നു വ്യതിചലിച്ച് ഹാഗിൻ, കോപ്‌ലാന്റ് എന്നീ വിശ്വാസപ്രസ്ഥാന ഉപദേശകന്മാർക്കുവേണ്ടി എതിർവാദം നടത്തുവാനും ഹിൻ ശ്രമിക്കുന്നു. (ഇവർ നടത്തിയ അന്തർദേശീയ സമ്മേളനത്തിൽ വെച്ചാണ് ഹിന്നിനെ ഓർഡെയിൻ ചെയ്തത് എന്നോർക്കുക). മാസങ്ങൾക്കുള്ളിൽ ഹിൻ മറ്റൊരു മുന്നറിയിപ്പും നൽകി. വിശ്വാസപ്രഖ്യാപനത്തെ എതിർക്കുന്നവർ പിശാചിന്റെ പക്ഷക്കാരാണ് എന്നായിരുന്നു അത്. ഉടനെതന്നെ വാക്കുകൾ യാഥാർത്ഥ്യങ്ങളെ സൃഷ്ടിക്കുന്നു എന്ന അധികാരിക സിദ്ധാന്തവും പ്രഖ്യാപിച്ചു. അതിനു ശേഷം ''വിശ്വാസത്തിന്റെ വാക്കുകളെ ഞാൻ ഉച്ചരിക്കുമ്പോൾ വിശ്വാസം സ്വതന്ത്രമാക്കപ്പെടുന്നു'' എന്ന് സധൈര്യം പ്രസ്താവിച്ചു കൊണ്ട് ഹിൻ മറനീക്കി പുറത്തുവന്നു.

ഹിന്നിന്റെ പ്രസംഗങ്ങൾ വളരെക്കാലം തുടർച്ചയായി ശ്രദ്ധിച്ചതിൽ നിന്ന് എനിക്കു വ്യക്തമായ ഒരു കാര്യം ദൈവീക വെളിപ്പാട് എന്നു അദ്ദേഹം പറയുന്നവ മറ്റു വിശ്വാസ പ്രസ്ഥാന ഗുരുക്കന്മാരുടെ വായിൽ നിന്നു പുറപ്പെട്ടിട്ടുള്ള കാര്യങ്ങളുടെ ആവർത്തനം മാത്രമാണ് എന്നതാണ്.

(തുടരും)

RNI No. 68089 / 97
2007 January 1
THE DEFENDER
REGISTERED
KL/ALY/0031/2006-08

# വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ: റിക്കാഡിംഗ് പൂർത്തിയായി

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ ഞാൻ (റ്റി.എസ്.ബാലൻ) തയ്യാറാക്കി വരുന്ന സി.ഡികളുടെ റിക്കാഡിംഗ് പൂർത്തിയായി. ജനുവരി രണ്ടാം ആഴ്ചയിൽ സി.ഡികൾ വിതരണത്തിന് തയ്യാറാകും.

രണ്ടു വർഷം മുൻപ് ഞാൻ ആശുപത്രിയിൽ മരണത്തെ മുഖാമുഖം കണ്ട് കിടന്നിരുന്ന സമയത്താണ് സി.ഡികൾ തയ്യാറാക്കാനുള്ള പദ്ധതിക്ക് രൂപം കൊടുത്തത്.

മൂന്നു പതിറ്റാണ്ടിൽ അധികമായി ഞാൻ വചനം പഠിക്കാൻ തുടങ്ങിയിട്ട്. ദീർഘമായ ഈ പഠനങ്ങളിലൂടെ ഞാൻ മനസ്സിലാക്കിയ കാര്യങ്ങൾ വരും തലമുറയ്ക്ക് പകർന്നു കൊടുക്കേണ്ടത് ആവശ്യമാണെന്ന് എനിക്കു തോന്നി. എന്നാൽ മഹാപാപിയായ റ്റി.എസ്. ബാലനെ വിളിച്ച് യോഗം നടത്താൻ പരമ വിശുദ്ധരായ പെന്തക്കോസ്തുകാർ തയ്യാറാകുകയില്ല. പുസ്തകമിറക്കുക എന്നത് ഏറെ പണച്ചെലവുള്ള കാര്യവുമാണ്. ഞാൻ മനസ്സിലാക്കിയ തിരുവചനസത്യങ്ങൾ ഏറെ പണച്ചെലവില്ലാതെ മറ്റുള്ളവരെ എങ്ങനെ അറിയിക്കും എന്ന് ദിവസങ്ങളോളം ചിന്തിച്ചതിന്റെ ഫലമായാണ് സി.ഡി ഇറക്കുക എന്ന ആശയം ഉള്ളിൽ ഉദിച്ചത്.

ചില വർഷങ്ങൾക്കു മുൻപ് ഞാൻ ഒമാനിൽ നടത്തിയ കുറെ പ്രസംഗങ്ങളുടെ കാസറ്റുകളും സി.ഡികളും ഒട്ടേറെ ആളുകൾക്ക് പ്രയോജനം ചെയ്തു എന്ന് അറിയാൻ കഴിഞ്ഞിരുന്നു. സി.ഡികൾ ദൈവവചന പഠനത്തിന് സഹായകമാകും എന്ന് എനിക്ക് ബോദ്ധ്യമായത് അങ്ങനെയാണ്.

സാധാരണക്കാരായ വിശ്വാസികളും വചനപണ്ഡിതരല്ലാത്ത ശുശ്രൂഷകൻമാരും അത്യാവശ്യം അറിഞ്ഞിരിക്കേണ്ട വിഷയങ്ങളെല്ലാം ഉൾപ്പെടുത്തിയാണ് സി.ഡികൾ തയ്യാറാക്കിയിട്ടുള്ളത്. എം.പി.3 ഫോർമാറ്റിൽ ആയതുകൊണ്ട് ഒരു സി.ഡിയിൽ ഓരോ മണിക്കൂർ ദൈർഘ്യമുള്ള 10 ക്ലാസ്സുകൾ ഉൾപ്പെടുത്താൻ കഴിയും. 10 സി.ഡികളിലായി ഇപ്രകാരം ആകെ 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സുകൾ ആണ് തയ്യാറാക്കിയിരിക്കുന്നത്.

അടിസ്ഥാന വേദോപദേശങ്ങളായി നാം കരുതുന്ന വിഷയങ്ങളാണ് ഒന്നാമത്തെ സി.ഡിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. രക്ഷ, വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, തിരുവത്താഴം, പ്രാർത്ഥന തുടങ്ങിയ 10 വിഷയങ്ങൾ. രക്ഷിക്കപ്പെടാത്തവർക്ക് സമ്മാനമായി നൽകാനും ഇത് ഉപയോഗിക്കാം.

കൾട്ടുകളെ സംബന്ധിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയിൽ ഉള്ളത്. യഹോവാ സാക്ഷികൾ, ശാബതുകാർ, ക്രിസ്റ്റാഡെൽഫിയൻസ്, മൊർമോൺസ്, ക്രിസ്ത്യൻ സയൻസ് തുടങ്ങിയ പ്രധാന കൾട്ടുകളേക്കുറിച്ചെല്ലാമുള്ള പഠനങ്ങൾ ഈ സി.ഡിയിൽ ഉണ്ട്. കൂടാതെ, 10 കല്പനകൾ നീക്കപ്പെട്ടുവോ, ത്രിത്വം ഉണ്ടോ, മരണശേഷം നിലനിൽക്കുന്ന ആത്മാവുണ്ടോ, നിത്യ നരകം ഉണ്ടോ എന്നീ വിഷയങ്ങളും ഈ സി.ഡിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ആത്മലോകത്തേക്കുറിച്ചുള്ള പഠനങ്ങളാണ് മൂന്നാമത്തെ സി.ഡിയിൽ ഉള്ളത്. പരിശുദ്ധാത്മസ്നാനം, കൃപാവരങ്ങൾ, ഭൂതബാധ, ആഭിചാരം, സാത്താൻ സഭ, ആത്മവിവശത തുടങ്ങി ആത്മലോകവുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടത്വ സഭകളിൽ നിലനിൽക്കുന്ന ദുരുപദേശങ്ങളാണ് നാലാമത്തെ സി.ഡിയുടെ ഉള്ളടക്കം. കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, പെരുന്നാളുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ദുരുപദേശങ്ങൾ കൂടാതെ തോമ്മാശ്ലീഹാ കേരളത്തിൽ വന്നിട്ടുണ്ടോ, സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും ഒന്നാണോ തുടങ്ങിയ വിഷയങ്ങളും പഠനവിധേയമാക്കുന്നു.

ലോക മതങ്ങളേക്കുറിച്ചുള്ള പഠനങ്ങളാണ് അഞ്ചാമത്തെ സി.ഡിയിൽ ഉള്ളത്. ഹിന്ദുമതം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക്മതം, സോറവാസ്ട്രിയൻ മതം എന്നിവയേക്കുറിച്ചുള്ള പഠനങ്ങളും മതങ്ങളുടെ ഉത്ഭവം, പ്രജാപതിപ്രശ്നം എന്നീ വിഷയങ്ങളും ഈ സി.ഡിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ബൈബിൾ വ്യാഖ്യാനിക്കേണ്ടതെങ്ങനെ എന്നാണ് ആറാമത്തെ സി.ഡിയിൽ വിശദീകരിക്കുന്നത്. സമാഗമനകൂടാരത്തിലെ നൂലും ദാവീദിന്റെ കല്ലും നല്ല ശമര്യാക്കാരനും മുടിയൻ പുത്രനും പത്ത് കന്യകമാരും ഒക്കെ ഈ സി.ഡിയിൽ ഉണ്ട്. എല്ലാ പ്രസംഗകരും ഈ സി.ഡി ഒരുവട്ടമെങ്കിലും കേൾക്കേണ്ടതാണ്.

ഭാവികാലശാസ്ത്രമാണ് ഏഴാമത്തെ സി.ഡിയുടെ ഉള്ളടക്കം. കർത്താവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, എതിർക്രിസ്തു, മഹതിയാം ബാബിലോൺ, സൂര്യനെ അണിഞ്ഞ സ്ത്രീ, മരണാനന്തര ജീവിതം, ന്യായവിധികൾ തുടങ്ങി ഭാവികാലശാസ്ത്രവുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

8, 9, 10 എന്നീ സി.ഡികൾ സംശയങ്ങൾക്ക് മറുപടി പറയാനായി മാറ്റി വെച്ചിരിക്കുന്നു. ബൈബിൾ ദൈവവചനം അല്ല എന്ന് വാദിക്കുന്നവർ ഉന്നയിക്കുന്ന പ്രധാന സംശയങ്ങൾക്കെല്ലാം എട്ടാമത്തെ സി.ഡിയിൽ മറുപടി പറയുന്നുണ്ട്.

ദൈവശാസ്തരപരമായ സംശയങ്ങൾക്കുള്ള മറുപടിയാണ് ഒൻപതാമത്തെ സി.ഡിയിൽ ഉള്ളത്. അന്യമതഗ്രന്ഥങ്ങളിൽ ദൈവീക വെളിപ്പാടുണ്ടോ, മുൻനിർണ്ണയം എന്നൊന്നുണ്ടോ തുടങ്ങി നിങ്ങൾ അറിയാൻ ആഗ്രഹിക്കുന്ന പ്രധാന വിഷയങ്ങളെല്ലാം ഉൾപ്പെടുത്തിയിരിക്കുന്നു.

ക്രിസ്ത്യൻ ധർമ്മശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് പത്താമത്തെ സി.ഡിയുടെ ഉള്ളടക്കം. വിവാഹം, വിവാഹമോചനം, കുടുംബാസൂത്രണം, ആഭരണപ്രശ്നം തുടങ്ങിയവ ചില ഉദാഹരണങ്ങൾ.

ഈ പത്ത് സി.ഡികൾ ഒരുവട്ടം കേട്ടു കഴിയുന്നതോടെ ദൈവവചനവുമായി ബന്ധപ്പെട്ടും ആത്മീയ ജീവിതവുമായി ബന്ധപ്പെട്ടും നിങ്ങൾ അറിഞ്ഞിരിക്കേണ്ട എല്ലാ കാര്യങ്ങളും നിങ്ങൾ പഠിച്ചിരിക്കും. ആത്മീയ ജീവിതവുമായി ബന്ധപ്പെട്ട് നിങ്ങൾക്കുള്ള തെറ്റിദ്ധാരണകൾ മാറും. ബൈബിളിൽ അടിസ്ഥാനമിട്ടതും ക്രിസ്തുവിൽ വേരൂന്നിയതുമായ യഥാർത്ഥ ആത്മീയത എന്തെന്ന് നിങ്ങൾ അറിയും.

10 മണിക്കൂർ ദൈർഘ്യമുള്ളതും 10 ക്ലാസ്സുകൾ ഉള്ളതുമായ ഒരു സി.ഡിയുടെ വില 100 രൂപയാണ്. പോസ്റ്റേജ് സൗജന്യം. 10 സി.ഡികൾ ഒന്നിച്ച് ലഭിക്കുവാൻ യഥാർത്ഥ വിലയായ 1000 രൂപയ്ക്ക് പകരം 900 രൂപ അയച്ചാൽ മതിയാകും. മണിയോർഡർ അയയ്ക്കുന്നതാണ് സൗകര്യം. ചെക്ക് / ഡി.ഡി അയക്കുന്നവർ T.S.Balan എന്ന പേരിൽ എടുത്ത് ഈ പേജിന്റെ അവസാനം കൊടുത്തിരിക്കുന്ന വിലാസത്തിൽ അയയ്ക്കുക. നിങ്ങളുടെ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും എഴുതാൻ മറക്കരുത്.

ഗൾഫിലേക്ക് സി.ഡി അയയ്ക്കുന്നത് സുരക്ഷിതമല്ല. അതുകൊണ്ട് ഗൾഫിൽ ഉള്ളവർ 900 രൂപയോടൊപ്പം നിങ്ങളുടെ വീട്ടിലെ വിലാസവും ഫോൺ നമ്പറും അറിയിക്കുക. സി.ഡി. നിങ്ങളുടെ വീട്ടിലേക്ക് അയയ്ക്കുന്നതാണ്.

ഗൾഫ് ഒഴികെയുള്ള വിദേശ രാജ്യങ്ങളിലേക്ക് സി.ഡി അയയ്ക്കും. 50 അമേരിക്കൻ ഡോളർ അല്ലെങ്കിൽ 2000 രൂപ റ്റി.എസ്.ബാലൻ എന്ന പേരിൽ ചെക്ക്/ഡി.ഡി എടുത്ത് നിങ്ങളുടെ വിലാസവും ഫോൺ നമ്പറും സഹിതം അയച്ചു തരിക.

അഞ്ഞൂറിൽ അധികം ആളുകൾ സി.ഡി പ്രീ പബ്ലിക്കേഷനിൽ ബുക്ക് ചെയ്തിരുന്നു. അവർക്കെല്ലാം ആദ്യത്തെ ചില സി.ഡികൾ അയച്ചു കൊടുക്കയും ചെയ്തിരുന്നു. ബാക്കിയുള്ളവ ജനുവരി രണ്ടാം ആഴ്ചയോടെ അയയ്ക്കുന്നതാണ്.

സാത്താനുമായി ഏറെ യുദ്ധം ചെയ്താണ് ഈ സി.ഡികളുടെ റിക്കാഡിംഗ് പൂർത്തിയാക്കിയത്. ജനം സത്യം അറിയുന്നത് സാത്താന് ഇഷ്ടമുള്ള കാര്യമല്ല. അതുകൊണ്ട് സാത്താൻ എനിക്കെതിരെ ശക്തിയോടെ ആഞ്ഞടിച്ചു. സാത്താന്റെ പതനം വിവരിക്കുന്ന ഏഴാമത്തെ സി.ഡി റിക്കാഡ് ചെയ്യുന്നതിനു മുൻപായി എന്നെ ജയിലിൽ ആക്കാനുള്ള ശ്രമവും സാത്താൻ നടത്തി. പക്ഷേ ദൈവകരം എനിക്ക് അനുകൂലമായിരുന്നതുകൊണ്ട് സാത്താന്റെ പദ്ധതികൾ വിജയിച്ചില്ല. അങ്ങനെ 100 ക്ലാസ്സുകളും പൂർത്തിയാക്കാൻ കഴിഞ്ഞു.

എന്റെ ആരോഗ്യസ്ഥിതി വളരെ മോശമാണ്. പ്രമേഹം എന്റെ ശരീരത്തെ തകർത്തിരിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ടു മൂലം ആവശ്യമായ ചികിത്സ ചെയ്യാനോ ക്രമമായി ഇൻസുലിൽ കുത്താൻ പോലുമോ കഴിയുന്നില്ല. അതുകൊണ്ട് ഏറെക്കാലമൊന്നും മുൻപോട്ട് പോകാനാവാത്ത സ്ഥിതിയാണുള്ളത്. എങ്കിലും വിട്ടുപിരിയുന്നതിനു മുൻപായി മറ്റു ചിലതെല്ലാംകൂടി ചെയ്തു തീർക്കണമെന്ന് ആഗ്രഹമുണ്ട്. ദൈവമക്കളുടെ പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി ഈ പദ്ധതികളേക്കുറിച്ച് പറയാം:

ബൈബിൾ പലരും വായിച്ച് കാസറ്റുകളും സി.ഡികളും ഇറക്കിയിട്ടുണ്ട്. എങ്കിലും എന്റെ ശബ്ദത്തിൽ ബൈബിൾ വായിച്ച് റിക്കാഡ് ചെയ്യണമെന്ന് ഒരു മോഹമുണ്ട്. ദൈവം അനുവദിച്ചാൽ അത് ഞാൻ ചെയ്യും. അതാണ് അടുത്ത പദ്ധതി.

ബാക്കിയുള്ളത് ഏറെ ബുദ്ധിമുട്ടുള്ള കുറെ പരിപാടികളാണ്. ഇപ്പോൾ 10 ക്ലാസ്സുകൾ വീതമുള്ള 10 സി.ഡികൾ ഇറക്കിയതുപോലെ 10 പ്രസംഗങ്ങൾ വീതമുള്ള 10 സി.ഡികൾ (ആകെ 100 പ്രസംഗം) തയ്യാറാക്കുക എന്നതാണ് അവയിൽ ഒന്ന്. ഒരു കഥയുമില്ലാത്ത ഉണർവ്വു പ്രസംഗങ്ങൾ കേട്ട് മടുത്ത ദൈവജനത്തിന് ഈ പ്രസംഗങ്ങൾ ആത്മീയ വർദ്ധനവിന് കാരണമാകും. ശുശ്രൂഷകർക്കും വിശ്വാസികൾക്കും ഈ സി.ഡികൾ പ്രയോജനം ചെയ്യും.

ഇനി ബാക്കിയുള്ളത് ഒരു ഗംഭീര പദ്ധതിയാണ്. കർത്താവ് ആയുസ് തന്നാൽ അതും ഞാൻ ചെയ്യും. ബൈബിളിന് ഒരു വ്യാഖ്യാനം ഇറക്കുക എന്നതാണ് ഈ പദ്ധതി.

സി.ഡികളുടെ ഉള്ളടക്കം.

1. ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള പുസ്തകങ്ങളുടെ വ്യാഖ്യാനം - 10 സി.ഡി. (100 മണിക്കൂർ).
2. യോശുവ മുതൽ എസ്ഥേർ വരെയുള്ള ചരിത്ര പുസ്തകങ്ങളുടെ വ്യാഖ്യാനം - 10 സി.ഡി. (100 മണിക്കൂർ ദൈർഘ്യം).
3. ഇയ്യോബ് മുതൽ ഉത്തമഗീതം വരെയുള്ള കാവ്യ പുസ്തകങ്ങളുടെ വ്യാഖ്യാനം - 10 സി.ഡി. (100 മണിക്കൂർ ദൈർഘ്യം).
4. യെശയ്യാവ് മുതൽ ദാനിയേൽ വരെയുള്ള പ്രവചന പുസ്തകങ്ങളുടെ വ്യാഖ്യാനം - 10 സി.ഡി. (100 മണിക്കൂർ ദൈർഘ്യം).
5. ഹോശെയ മുതൽ മലാഖി വരെയുള്ള പ്രവചന പുസ്തകങ്ങളുടെ വ്യാഖ്യാനവും മലാഖി മുതൽ ക്രിസ്തു വരെയുള്ള ചരിത്രവും-10 സി.ഡി. (100 മണിക്കൂർ)
6. മത്തായി മുതൽ അപ്പോസ്തല പ്രവൃത്തികൾ വരെയുള്ള പുസ്തകങ്ങളുടെ വ്യാഖ്യാനം - 10 സി.ഡി. (100 മണിക്കൂർ ദൈർഘ്യം).
7. റോമർ മുതൽ ഫിലൊമോൻ വരെയുള്ള (പൗലോസിന്റെ) ലേഖനങ്ങളുടെ വ്യാഖ്യാനം - 10 സി.ഡി. (100 മണിക്കൂർ).
8. എബ്രായർ മുതൽ വെളിപ്പാട് വരെയുള്ള പുസ്തകങ്ങളുടെ വ്യാഖ്യാനം - 10 സി.ഡി. (100 മണിക്കൂർ ദൈർഘ്യം).

ആകെ 80 സി.ഡികൾ. 800 മണിക്കൂർ ദൈർഘ്യമുള്ള വ്യാഖ്യാനം.

ഇതൊക്കെ നടക്കുമോ എന്ന് ചോദിച്ചേക്കാം. നടക്കും. അതിന് ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും ആവശ്യമാണ്. ആകെ 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സാണ് ഇപ്പോൾ റിക്കാഡ് ചെയ്തത്. അതിന് സ്റ്റുഡിയോയിൽ നല്ലൊരു തുക ചെലവായി. ഇനി അതിന്റെ പത്തിരട്ടി, അതായത് 1000 മണിക്കൂർ, റിക്കാഡിംഗ് ആണ് ലക്ഷ്യമിടുന്നത്. അത് സ്റ്റുഡിയോയിൽ ചെയ്താൽ അനേകലക്ഷം രൂപ ചെലവാകും. പക്ഷേ ഒരു സ്റ്റുഡിയോ കുറഞ്ഞ ചെലവിൽ എന്റെ വീട്ടിൽ ഒരുക്കിയാൽ ഈ ചെലവ് ഒഴിവാക്കാം. അതിന് നിങ്ങളുടെ സഹകരണം ആവശ്യമാണ്. ഈ പദ്ധതിയുമായി സഹകരിക്കാൻ താല്പര്യമുള്ളവർ ദയവായി ബന്ധപ്പെടുക:

**T.S.Balan, Anand Bhavan,**
**Near: KSRTC, Perumbavoor P.O.,**
**Ernakulam. Pin. 683542**
**Ph: 0484-3232356, 9447414608**




Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan